# മലങ്കര ഓർത്തഡോക്സ് സഭ
## ഇടുക്കി മെത്രാസനം
ചക്കുപള്ളം, കുമളി



# 2024-25



# 43-ാമത്
# വാർഷിക റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും

IDUKKIMOSC.COM

office@idukkimosc.com

# ഇടുക്കി ഭദ്രാസനം

| | | |
|---|---|---|
| പരമാധ്യക്ഷൻ | : | പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ |
| പ്രഥമ മെത്രാപ്പോലീത്ത | : | അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്ത |
| ഇടവക മെത്രാപ്പോലീത്താ | : | അഭിവന്ദ്യ സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്ത |
| ഭദ്രാസന സെക്രട്ടറി | : | റവ.ഫാ.ബിജു ആൻഡ്രൂസ് |
| അരമന മാനേജർ | : | ഫാ. ജോർജ് വർഗീസ് |
| അക്കൗണ്ടന്റ് | : | ശ്രീ. അനീഷ് പി. മാണി |

## സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങൾ

2022-2027

1. റവ. ഫാ. കുര്യാക്കോസ് വർഗീസ്
2. ശ്രീ. സാജൻ ജോർജ് ഉഷസിൽ
3. ശ്രീ. ജോർജ് ജേക്കബ് കോച്ചേരിൽ
4. അഡ്വ. ജെം കോരസൺ കൊടുവത്ത്

## കൗൺസിൽ അംഗങ്ങൾ

2022-2027

1. റവ.ഫാ. പ്രകാശ് കെ. കുര്യാക്കോസ്
2. റവ.ഫാ. കുര്യാക്കോസ് ചാണ്ടി
3. ശ്രീ. എം.കെ.ജോസഫ് മാക്കൽ
4. ശ്രീ. സിജോ പി. തോമസ് എവറസ്റ്റ്
5. ശ്രീ. ഫിലിപ്പ് കുര്യാക്കോസ് കുറിയന്നൂർ
6. ശ്രീ. തോമസ് കെ. വി. കോതപ്പള്ളിൽ

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
# ദൈവകൃപയാൽ
# ഇടുക്കി മെത്രാസന ഇടവകയുടെ
# സഖറിയാ മാർ സേവേറിയോസ്
# മെത്രാപ്പോലീത്തായിൽ നിന്നും

CK.No.44 /2025

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന......................................................................................................
പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈസ്ഥാനികളും പള്ളി പ്രതിപുരുഷന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

കർത്താവിൽ പ്രിയരെ,

നമ്മുടെ മെത്രാസന ഇടവകയുടെ 43–ാ മത് വാർഷിക പൊതുയോഗം 2025 ജൂൺ മാസം 21–ാം തീയതി ശനിയാഴ്ച്ച രാവിലെ 11 മണിക്ക് ചക്കുപള്ളം ഗത്സിമോൻ അരമനയിൽ വെച്ച് താഴെപ്പറയുന്ന വിഷയങ്ങളെ സംബന്ധിച്ച് ആലോചിച്ച് നിശ്ചയം ചെയ്യുന്നതിന് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. യോഗത്തിൽ സംബന്ധിക്കുന്നതിലേക്ക് CK18/2022-ാം നമ്പർ കൽപ്പനപ്രകാരം ആ പള്ളിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പ്രതിനിധികളും വികാരിയും പള്ളിച്ചെലവിൽ വന്ന് സംബന്ധിക്കണം. വാർഷിക റിപ്പോർട്ടിന്റെയും കണക്കുകളുടെയും കോപ്പികൾ വികാരിയുടെ പേരിൽ അയയ്ക്കുന്നതാണ്. റിപ്പോർട്ടുകൾ, കണക്കുകൾ ഇവയെ സംബന്ധിച്ച് ചോദ്യങ്ങൾ ഉണ്ടെങ്കിൽ അവ 2025 ജൂൺ മാസം 16–ാം തീയതി തിങ്കളാഴ്ച 5 PM ന് മുമ്പായി ഭദ്രാസന ഓഫീസിൽ നൽകേണ്ടതാണ്.

**അജണ്ട**

1. മെത്രാസനത്തിന്റെ 2024–2025 വർഷത്തെ വാർഷിക റിപ്പോർട്ടും, വരവ് ചെലവ് കണക്കും ബാലൻസ്ഷീറ്റും ഓഡിറ്റ് റിപ്പോർട്ടും

2. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതരവിഷയങ്ങൾ

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

2025 മെയ് 24–ന്

ചക്കുപള്ളം ഗത്സിമോൻ അരമനയിൽ നിന്നും

സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്ത

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ഇടുക്കി ഭദ്രാസനം

### 01-04-2024 മുതൽ 31-03-2025 വരെയുള്ള പ്രവർത്തന റിപ്പോർട്ട്

**ആമുഖം**

ദൈവകൃപയാൽ മലങ്കര ഓർത്തഡോക്സ് സഭ ഇടുക്കി ഭദ്രാസനം അതിന്റെ പ്രവർത്തനപന്ഥാവിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ച് ഒരു വർഷം കൂടി പിന്നിടുകയാണ്. ആത്മീയമണ്ഡലത്തിലും കർമ്മമേഖലയിലും അനുഗ്രഹീതമായി ഉദാത്ത സാക്ഷ്യത്തോടെ പിന്നിട്ട് ഒരു വർഷം കൂടി ദൈവകൃപയിൽ സങ്കേതപ്പെട്ടു മുന്നേറുവാൻ കഴിഞ്ഞു എന്നതിൽ നമുക്കു ദൈവത്തെ മഹത്വപ്പെടുത്താം. സഭാസ്നേഹത്തിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും വിശ്വാസജീവിതത്തിലും മാതൃകാപരമായി ഉയരുവാനും ഉണരുവാനും നമുക്ക് കഴിഞ്ഞു എന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം. അഭിവന്ദ്യ ഇടവകമെത്രാപ്പോലീത്തായുടെ സമർപ്പണത്തോടും ചിട്ടയോടും സ്നേഹത്തോടും പ്രാർത്ഥനയോടും കൂടിയ പ്രവർത്തനങ്ങളെ ദൈവസന്നിധിയിൽ പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. തന്നാണ്ടു വർഷ പ്രവർത്തനങ്ങൾ ഇത്രമാത്രം പൂർണ്ണതയിലെത്തിക്കാൻ സഹകരിച്ച എല്ലാവരോടും നന്ദിയും സ്നേഹവും അറിയിച്ചുകൊണ്ടും പുതിയ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ ഐക്യത്തോടും സ്നേഹത്തോടും മുന്നോട്ടുപോകാൻ ആഹ്വാനം ചെയ്തുകൊണ്ടും ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**വൈദീക സേവനം**

പ്രാർത്ഥനയോടും ഐക്യത്തോടും സ്നേഹത്തോടും തിരുമേനിയോടൊപ്പം ഇടവകകളുടെ പുരോഗതിക്കുവേണ്ടി അക്ഷീണം പ്രയ്തനിക്കുന്ന ഒരു സംഘം വൈദീകർ നമ്മുടെ മെത്രാസനത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ നേതൃത്വം നൽകിവരുന്നു.

**ഭദ്രാസനത്തിലെ ഇടവകകളും വികാരിമാരും**

| | |
|---|---|
| 1. ആലംപള്ളി സെന്റ് സ്റ്റീഫൻസ് | : റവ.ഫാ.പി.സി വർഗീസ് |
| 2. ആനവിലാസം സെന്റ് തോമസ് | : റവ.ഫാ. ജോർജ് വർഗീസ് |
| | റവ.ഫാ.എം.കെ.കുര്യൻ (അസി.വികാരി) |
| 3. അയ്യപ്പൻകോവിൽ സെന്റ് മേരീസ് | : റവ.ഫാ. ജിജിൻ ബേബി |
| 4. ചെല്ലാർകോവിൽ സെന്റ് ഗ്രീഗോറിയോസ് | : റവ.ഫാ. ബിജു ആൻഡ്രൂസ് |
| 5. ചേറ്റുകുഴി മാർ ഗ്രീഗോറിയോസ് | : റവ.ഫാ.ജസ്വിൻ ചാക്കോ |
| 6. കമ്പംമെട്ട് സെന്റ് മേരീസ് | : റവ.ഫാ.എബി വർഗീസ് |
| 7. ഏലപ്പാറ സെന്റ് മേരീസ് | : റവ.ഫാ.റ്റി.സി മത്തായി |
| 8. ഹെലിബറിയ സെന്റ് തോമസ് | : റവ.ഫാ.ജേക്കബ് സ്കറിയ |
| | റവ.ഫാ.സഞ്ജയ് ഗീവർഗീസ് (അസി.വികാരി) |
| 9. കഞ്ഞിക്കുഴി സെന്റ് തോമസ് | : റവ.ഫാ.തോമസ് വർഗീസ് |
| 10. കരിമ്പൻ സെന്റ് ജോർജ് | : റവ.ഫാ.ജേക്കബ് സ്കറിയ |
| 11. കരുണാപുരം സെന്റ് തോമസ് | : റവ.ഫാ.പി.എം തോമസ് |
| 12.കട്ടപ്പന സെന്റ് മേരീസ് | : റവ.ഫാ.സാജോ ജോഷാ മാത്യു |
| 13.കൊച്ചറ സെന്റ് മേരീസ് | : റവ.ഫാ.മാത്യു ജോൺ |
| 14.കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രൽ | : റവ.ഫാ.മഹേഷ് പോൾ |
| 15.കൊടികുത്തി സെന്റ് ഡയനേഷ്യസ് | : റവ.ഫാ.പി.കെ കുര്യാക്കോസ് |
| 16.മുണ്ടിയെരുമ സെന്റ് മേരീസ് | : റവ.ഫാ.പി.എം ജോൺ |
| 17.നരിയംപാറ സെന്റ് മേരീസ് | : റവ.ഫാ.കുര്യാക്കോസ് വാലയിൽ |
| 18.നെടുംകണ്ടം സെന്റ് മേരീസ് | : റവ.ഫാ.കുര്യാക്കോസ് മാത്യു |
| 19.നെറ്റിത്തൊഴു താബോർ സെന്റ് ജോർജ് വലിയപള്ളി | : റവ.ഫാ.ജേക്കബ് വർഗീസ് |
| 20.പള്ളിക്കുന്ന് സെന്റ് ജോർജ് | : റവ.ഫാ.ഫിലൻ പി മാത്യു |
| 21.പാമ്പനാർ സെന്റ് ഗ്രീഗോറിയോസ് | : റവ.ഫാ.ജോസ് ശാമുവേൽ |
| 22.പീരുമേട് സെന്റ് തോമസ് | : റവ.ഫാ.ഫിലൻ പി മാത്യു |
| | റവ.ഫാ. ജോസഫ് വർഗീസ് (അസി.വികാരി) |
| 23.പുളിയൻമല സെന്റ് മേരീസ് | : റവ.ഫാ.സഞ്ജയ് ഗീവർഗീസ് |
| 24.പുള്ളിക്കാനം സെന്റ് പീറ്റേഴ്സ് | : റവ.ഫാ.സോമൻ വർഗീസ് |
| 25.പുറ്റടി സെന്റ് മേരീസ് | : വെരി.റവ.കെ.ടി ജേക്കബ് കോർഎപ്പിസ്കോപ്പ |
| 26.ശാന്തിഗ്രാം സെന്റ് മേരീസ് | : വെരി.റവ.എ.വി കുര്യൻ കോർഎപ്പിസ്കോപ്പ |
| 27.തങ്കമണി മാർ ഗ്രീഗോറിയോസ് | : റവ.ഫാ.കുര്യാക്കോസ് ജോർജ് |
| | റവ.ഫാ.സ്തേഫാനോസ് ബെഞ്ചമിൻ (അസി. വികാരി) |
| 28.തേക്കടി സെന്റ് ജോർജ് | : റവ.ഫാ.കുര്യാക്കോസ് വർഗീസ് |
| 29.തേങ്ങാക്കൽ സെന്റ് ജോർജ് | : റവ.ഫാ.ജോർജ് വർഗീസ് |

30.ഉപ്പുകുന്ന് സെന്റ് മേരീസ് : റവ.ഫാ.സ്തേഫാനോസ് ബെഞ്ചമിൻ
റവ.ഫാ.കുര്യാക്കോസ് ജോർജ് (അസി.വികാരി)
31.ഉപ്പുതറ സെന്റ് തോമസ് : റവ.ഫാ.കുര്യാക്കോസ് ചാണ്ടി
32.വലിയതോവാള സെന്റ് മേരീസ് : റവ.ഫാ.റ്റി.വി വർഗീസ്
33.വണ്ടൻമേട് സെന്റ് തോമസ് : റവ.ഫാ. ജോസഫ് വർഗീസ്
34.വണ്ടിപ്പെരിയാർ സെന്റ് മേരീസ് : റവ.ഫാ.ജേക്കബ് മർക്കോസ്
35.വാഴവര സെന്റ് മേരീസ് : റവ.ഫാ.സിബി വർഗീസ്
36.പാമ്പാടുംപാറ സെന്റ്. ജോർജ്
& സെ. ഡയനേഷ്യസ് : റവ.ഫാ. ബിജു ആൻഡ്രൂസ്
റവ.ഫാ.സോമൻ വർഗീസ് (അസി.വികാരി)
37.അരമന ചാപ്പൽ : റവ.ഫാ.സിബി കുര്യൻ

## വൈദീക വിദ്യാർത്ഥികൾ

വൈദിക സെമിനാരി പഠനം പൂർത്തീകരിച്ച രണ്ടു ശെമ്മാശന്മാരും, 3 വൈദിക വിദ്യാർത്ഥികളും നമ്മുടെ ഭദ്രാസനത്തിൽ ഉണ്ട്. വിവിധ ആശ്രമങ്ങളിലും കോൺവെന്റുകളിലുമായി ഭദ്രാസനത്തിൽ നിന്നും ഉള്ള അംഗങ്ങൾ ശുശ്രൂഷകൾ നിർവഹിക്കുന്നു.

## അനുശോചനം

ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ സഭാ ഗുരുരത്നം വന്ദ്യ ഡോ. റ്റി. ജെ ജോഷ്വാ അച്ചന്റെ ദേഹവിയോഗത്തിലും മെത്രാസനത്തിൽ നിന്ന് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ എല്ലാ അത്മായ സഹോദരങ്ങളുടെ നിര്യാണത്തിലും ഭദ്രാസന പൊതുയോഗം അനുശോചനം രേഖപ്പെടുത്തുന്നു.

## പിതാക്കന്മാരുടെ ഓർമ്മ

നമ്മുടെ ഭദ്രാസനത്തിന്റെ അഭ്യുന്നതിക്ക് വേണ്ടി അധ്വാനിച്ച് സ്വർഗ്ഗീയ സന്നിധിയിലേക്ക് ചേർക്കപ്പെട്ട അഭി. മാത്യൂസ് മാർ ബർന്നബാസ്, അഭി. പൗലോസ് മാർ പക്കോമിയോസ്, അഭി. ഔഗേൻ മാർ ദിവന്നാസിയോസ് എന്നീ പിതാക്കന്മാരുടെ ഓർമ്മപെരുന്നാളുകളിൽ വിശ്വാസികൾ അവരുടെ കബറിടങ്ങളിൽ എത്തി അനുഗ്രഹം പ്രാപിക്കുന്നു. അവരുടെ ഓർമ്മ ദിവസങ്ങളോട് അനുബന്ധിച്ച് അരമനചാപ്പലിൽ ഓർമ്മ ആചരിച്ചുവരുന്നു.

## പരി. കാതോലിക്ക ബാവ തിരുമേനിയുടെ സന്ദർശനം

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലിത്തയും ആയ പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ തിരുമനസ് കൊണ്ട് ഭദ്രാസന അരമനയിലേക്ക് രണ്ടുപ്രാവശ്യം കടന്നുവരികയും നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും നമ്മെ അനുഗ്രഹിക്കുകയും ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുകയും ചെയ്തു. പരി. സഭയോടും കാതോലിക്ക സിംഹാസനത്തോടും ഉള്ള ഭക്തിയും കൂറും നമുക്ക് ആവർത്തിച്ചുറപ്പിച്ച് പ്രഖ്യാപിക്കാം

## മറ്റ് തിരുമേനിമാരുടെ മെത്രാസന സന്ദർശനം

വി. കൂദാശകളുടെ കാർമ്മികത്വത്തിനും പെരുന്നാൾ ചടങ്ങുകൾക്കുമായി പരിശുദ്ധ സഭയിലെ
അഭി. കുര്യാക്കോസ് മാർ ക്ലീമീസ് വലിയ മെത്രാപ്പോലീത്താ
അഭി. സഖറിയാ മാർ നിക്കോളാവാസ്
അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ്
അഭി. മാത്യൂസ് മാർ തീമോത്തിയോസ്
അഭി. യൂഹാനോൻ മാർ പോളികാർപ്പോസ്
അഭി. മാത്യൂസ് മാർ തേവോദോസിയോസ്
അഭി. ജോഷ്വാ മാർ നിക്കോദിമോസ്
അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്
അഭി. ഡോ. ഗീവർഗ്ഗീസ് മാർ തേയോഫിലോസ്
അഭി. ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ്
അഭി. ഗീവർഗ്ഗീസ് മാർ പക്കോമിയോസ്
എന്നീ മെത്രാപ്പോലീത്താമാർ മെത്രാസന ആസ്ഥാനത്തും വിവിധ ഇടവകകളിലും സന്ദർശനം നടത്തി കൂദാശകൾ നിർവ്വഹിച്ചു. ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു.

## ഇടവക മെത്രാപ്പോലീത്ത

ഇടവക മെത്രാപ്പോലീത്തായുടെ ദർശനവും കാഴ്ചപ്പാടും പ്രാർത്ഥനയും ജീവിതവും കൂടുതൽ പ്രകാശിതം ആവാനുള്ള ദൈവകരുണയ്ക്ക് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. നമ്മോടുള്ള കരുതലിനും സ്നേഹത്തിനും മെത്രാസനം ഏറെ കടപ്പെട്ടിരിക്കുന്നു. ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും സ്നേഹപൂർവ്വം നന്ദി അർപ്പിക്കുന്നു.

## ഇടുക്കി മെത്രാസനത്തിലെ ജീവകാരുണ്യ/കരുതൽ/വികസനപദ്ധതികളുടെ പ്രവർത്തന റിപ്പോർട്ട്

മെത്രാസനം നേരിട്ടും ഉദാരമതികളായ വ്യക്തികളുടെയും സ്വദേശ/വിദേശദേവാലയങ്ങളുടെയും കാരുണ്യ സംഘടനകളുടെയും സഹകരണത്താലും ഏകദേശം 3.5 കോടിയിലധികം രൂപയുടെ ജീവകാരുണ്യ /കരുതൽ / വികസനപദ്ധതികൾ നടപ്പിൽ വരുത്തുവാൻ ദൈവം നമ്മോടു കരുണ ചെയ്തു.

**മെത്രാസനത്തിൽ നടത്തിവരുന്ന** Charity/ Welfare /development Projects

**(കാരുണ്യ/ കരുതൽ/ വികസനപദ്ധതികൾ)**

*1. Project Heal*

(ആതുര ക്ഷേമ പദ്ധതി)

* നിർധനരോഗികൾക്കായുള്ള പ്രതിമാസ ധനസഹായം
* ഇടവക വികാരിമാരുടെ ശുപാർശയോടെ നൽകുന്ന വ്യക്തിഗത ധനസഹായം
* വൈദ്യോപകരണ വിതരണം

*2. Project Empower*

(കുടുംബ ക്ഷേമ പദ്ധതി)

* നിർധനവിധവകൾക്ക് നൽകുന്ന പ്രതിമാസ ധനസഹായം,
* സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായം

*3.Project Future*

(വിദ്യാർത്ഥി ക്ഷേമ പദ്ധതി )

സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠനധനസഹായം

*4. Project Shelter*

(ഭവനനിർമ്മാണ പദ്ധതി)

പൂർണമായ നിർമ്മാണത്തിനും നവീകരണപ്രവർത്തനങ്ങൾക്കും നൽകുന്ന സഹായം

*5.Project unite*

(വിവാഹസഹായ പദ്ധതി )

നിർദ്ധനരായ യുവതികൾക്ക് നൽകുന്ന വിവാഹ സഹായം

*6. Project Golden Years*

മെത്രാസനത്തിന്റെ NGO സെന്റ് ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രായമായ അമ്മമാരെ ശുശ്രൂഷിക്കുന്ന കരുണാഭവൻ

*7. Project Enrich (കരുതൽ പദ്ധതികൾ)*

* വൈദീകർക്ക് വേണ്ടിയുള്ള പോസ്റ്റൽ നിക്ഷേപം
* ശുശ്രൂഷകർക്ക് വേണ്ടിയുള്ള പോസ്റ്റൽ നിക്ഷേപം

*8. Project Rooted wings*

മെത്രാസന അടിസ്ഥാനവികസന പദ്ധതി/ ഇടവകകളുടെ നവീകരണ പ്രവർത്തങ്ങൾ/ അദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനങ്ങൾ

*9. Project Nurture*

ഉദ്യാനപാലനം / ഗാർഹിക കൃഷി

*10. Project Spark*

സ്വയം സംരംഭകർക്കുള്ള പലിശ രഹിതവായ്പാ പദ്ധതി

*11. E-Idukki*

മെത്രാസനഭരണ നിർവഹണ പ്രവർത്തനങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൊണ്ടു വരാനുള്ള സാങ്കേതിക നവീകരണ പ്രവർത്തനങ്ങൾ

*12. Project Touch*

മെത്രാസനത്തിലെ സെന്റ് ഗ്രീഗോറിയോസ് പാലിയേറ്റിവ് കെയറിന്റെ നേതൃത്വത്തിൽ ശയ്യാവലംബരായ രോഗികളെ ഭവനങ്ങളിൽ എത്തി ശുശ്രൂഷിക്കുന്ന പദ്ധതി

*13. Project IMM* **(ഇടുക്കി മെഡിക്കൽ മിഷൻ)**

കുറഞ്ഞ ചെലവിൽ അത്യാധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, ഇടുക്കി മെഡിക്കൽ മിഷൻ ഹോസ്പിറ്റലിന്റെ നവീകരണ പ്രവർത്തനങ്ങൾ.

*14. Project Seek INN*

അതിഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി

*15. Project Catalyst*

വിവിധ സംഘടനകളോട് ചേർന്ന് നടപ്പിലാക്കുന്ന സാമൂഹിക വികസനപദ്ധതികൾ

ദേവലോകം കാതോലിക്കേറ്റ് ഓഫീസ്, സഹോദരൻ പദ്ധതി, സ്നേഹസ്പർശം പദ്ധതി, ആർദ്ര ചാരിറ്റബിൾ സൊസൈറ്റി, ഐക്കൺ ചാരിറ്റീസ്, എന്നിവരുടെയും മലങ്കര സഭാംഗങ്ങളായ അനേകം ഉദാരമതികളുടെയും സംഘടനകളുടെയും സ്വദേശത്തും വിദേശത്തുമുള്ള ദേവാലയങ്ങളുടെയും സഹായത്തോടെയാണ് ഈ പദ്ധതികളുടെ സാക്ഷാത്കാരം ഈ വർഷവും സാധ്യമായത്. അതിനോടൊപ്പം നമ്മുടെ മെത്രാസനദേവാലയങ്ങളും ആധ്യാത്മിക സംഘടനകളും ചേർന്നുനിന്ന് ഈ ഉദ്യമങ്ങൾക്ക് കരുത്ത് പകർന്നുവെന്നതും ഏറെ അഭിനന്ദനാർഹമാണ്. തുടർന്നും സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് എല്ലാവരോടുമുള്ള ഹൃദയപൂർവ്വമായ നന്ദി അറിയിക്കുന്നു.

**നെറ്റിത്തൊഴു ഇടുക്കി മെഡിക്കൽ സെന്റർ**

നെറ്റിത്തൊഴുവിൽ പ്രവർത്തിക്കുന്ന ഇടുക്കി ഓർത്തഡോക്സ് മെഡിക്കൽ സെന്ററിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവരുന്നു. പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭദ്രാസനത്തിൽ നിന്നും ലോൺ ആദ്യ ഗഡു നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതിക്കായി എല്ലാവരുടെയും സഹകരണം അത്യന്താപേക്ഷിതമാണ്.

**നെറ്റിത്തൊഴു കരുണാഭവൻ**

സെന്റ് ഗ്രീഗോറിയോസ് കരുണാഭവന്റെ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട ജേക്കബ് സ്കറിയാ അച്ചന്റെ മേൽനോട്ടത്തിൽ ഭംഗിയായി നടക്കുന്നു. പത്തോളം അമ്മമാർ ഇപ്പോൾ ഈ സ്ഥാപനത്തിന്റെ പരിപാലനയിൽ അനുഗ്രഹകരമായി കഴിയുന്നു. ട്രസ്റ്റിലെ അംഗങ്ങൾ യോഗം ചേർന്ന് അതാതു സമയത്ത് വേണ്ട തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കുന്നു.

**സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ്**

സെന്റ് ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെയും റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബലിന്റെയും സംയുക്താഭിമുഖ്യത്തിൽ മെത്രാസന യുവജനപ്രസ്ഥാനത്തിന്റെ ഉത്സാഹത്തിൽ അരമനയിൽ വച്ച് കേരളത്തിലെ പ്രമുഖ ഹോസ്പിറ്റലുകളുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു.

**സെന്റ് ഗ്രീഗോറിയോസ് പാലിയേറ്റിവ് കെയർ**

ശയ്യാവലംബരായ രോഗികളെ ഭവനങ്ങളിൽ എത്തി ശുശ്രൂഷിക്കുന്നു. പാലിയേറ്റീവ് കെയറിന് സ്വന്തമായി ആംബുലൻസ് സൗകര്യവും ക്രമീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ആംബുലൻസിനു വേണ്ട തുക നൽകിയ പ്രിയപ്പെട്ടവരോടുള്ള നന്ദി അറിയിക്കുന്നു.

**അരമനചാപ്പൽ**

അരമനയുടെ ചാപ്പലയിനായി ബഹു. ജോർജ് വർഗീസ് അച്ചനും ആരാധനാകാര്യങ്ങളിൽ ബഹു. സിബി കുര്യൻ അച്ചനും സേവനമനുഷ്ഠിക്കുന്നു. എല്ലാ ഞായറാഴ്ച്ചകളിലും മാറാനായ പെരുന്നാളുകളിലും വി. കുർബ്ബാന അർപ്പിച്ചുവരുന്നു.

**അരമനപെരുന്നാൾ**

അരമനപെരുന്നാൾ ഈ വർഷവും ഭംഗിയായി ആചരിച്ചു. പെരുന്നാൾ ശുശ്രൂഷകൾക്ക് അഹമ്മദാബാദ് മെത്രാസനാധിപൻ അഭി.ഡോ. ഗീവർഗ്ഗീസ് മാർ തേയോഫിലോസ് തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ചു. നന്ദി രേഖപ്പെടുത്തുന്നു.

**ഭദ്രാസന ഓഫീസ്**

അരമനമാനേജർ ആയി ബഹു. ജോർജ് വർഗീസ് അച്ചൻ സേവനം അനുഷ്ഠിക്കുന്നു. ഇപ്പോൾ അക്കൗണ്ടന്റ് ആയി സേവനമനുഷ്ഠിക്കുന്ന അനീഷ് പി മാണിയോടും അരമനകാര്യങ്ങളിൽ സഹായമേകുന്ന ബഹുമാന്യരായ ജിതിൻ ശെമ്മാശ്ശനോടും അമൽ ശെമ്മാശ്ശനോടും, ജെറിനോടും വൈദീക വിദ്യാർത്ഥികളോടും ഉള്ള നന്ദിയും അറിയിക്കുന്നു.

**വാർഷിക പൊതുയോഗം**

No C8/24 നമ്പർ കൽപ്പനപ്രകാരം ഇടവക മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ 2024 ജൂൺ മാസം 29-ാം തീയതി ശനിയാഴ്ച്ച രാവിലെ 11 മണിക്ക് ഭദ്രാസന ആസ്ഥാനത്ത് വാർഷിക പൊതുയോഗം വിളിച്ചു ചേർത്തു. അജണ്ടയിലെ വിഷയങ്ങൾ ഭരണഘടനാനുസൃതമായി പൂർത്തീകരിച്ചു. പ്രാർത്ഥനയോടെ പൊതുയോഗം സമാപിച്ചു.

**ഭദ്രാസനദിനാചരണം**

ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളും ഭദ്രാസനദിനം ആചരിച്ചു. പ്രത്യേക പ്രാർത്ഥനകൾ നടത്തി. എല്ലാ പള്ളികളിലും ഭദ്രാസനദിന കവർ നൽകി. തുക ദേവാലയങ്ങൾ സമാഹരിച്ച് മെത്രാസനഓഫീസിൽ നൽകി. ഭദ്രാസനദിനത്തോടനുബന്ധിച്ച് അഭി. ബർണ്ണബാസ് തിരുമേനിയുടെ ഓർമ്മദിവസം ഭദ്രാസന കുടുംബ സംഗമമായി എല്ലാവരും ഒരുമിച്ച് ചേർന്നു. പ്രാർത്ഥനായോഗത്തിന്റെ നേതൃത്വത്തിൽ ആത്മീയ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മെത്രാസന ദിനാഘോഷത്തിൽ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത മുഖ്യസന്ദേശം നൽകി. കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് പുന്നൂസ് ക്ലാസ് നയിച്ചു.

**മെത്രാസനകൗൺസിൽ യോഗം**

അഭി.തിരുമേനിയുടെ അധ്യക്ഷതയിൽ 6 (ആറ്) കൗൺസിൽ യോഗങ്ങൾ ചേർന്നു, ഭദ്രാസനത്തിന്റെ സമഗ്ര വളർച്ചയ്ക്ക് എല്ലാ കാര്യങ്ങളിലും അഭി.തിരുമേനിയോടൊപ്പം ഭദ്രാസന കൗൺസിൽ ചേർന്നുവരികയും വേണ്ട കൈത്താങ്ങും പിന്തുണയും നൽകുകയും ചെയ്തു. ഭദ്രാസന കൗൺസിൽ അംഗങ്ങളോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

**മാനേജിങ് കമ്മിറ്റി**

ഭദ്രാസനത്തിന്റെ പരമ പ്രാധാന്യമർഹിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ ഭദ്രാസന കൗൺസിലിനോടൊപ്പം ഭദ്രാസനത്തിൽ നിന്നുള്ള സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങളെ ക്ഷണിക്കുകയും അവരുടെ ആലോചനകളും അഭിപ്രായങ്ങളും സ്വീകരിച്ചു വരികയും ചെയ്യുന്നു. ഭദ്രാസനത്തിന്റെ പുരോഗതിക്കുവേണ്ടി തിരുമേനിയോടൊപ്പം നിന്ന് പ്രവർത്തിക്കുന്ന മാനേജിങ് കമ്മിറ്റി അംഗങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു.

**ആത്മീയ സംഘടനകൾ**

സൺഡേസ്കൂൾ, ബാലസമാജം, യുവജനപ്രസ്ഥാനം, പ്രാർത്ഥനായോഗം, മർത്തമറിയം വനിതാസമാജം, നവജ്യോതി മോംസ്, ശുശ്രൂഷകസംഘം, ദിവ്യബോധനം, മാനവശാക്തീകരണവകുപ്പ്, MGOCSM, വൈദീക സംഘം, ബസ്ക്യോമാ അസ്സോസിയേഷൻ, ഒലിവ് സംഘടന, പ്രീ-മാരിറ്റൽ കൗൺസിലിംഗ്, ഗസീമോൻ ഗോസ്പൽ ടീം, ലഹരി വിരുദ്ധ സമിതി, എന്നീ ആത്മീയ സംഘടനകൾ നമ്മുടെ ഭദ്രാസനത്തിൽ മാതൃകാപരമായി പ്രവർത്തിച്ചുവരുന്നു. നേതൃത്വം നൽകുന്ന എല്ലാവർക്കും ആദരപൂർവ്വം കൃതജ്ഞത അർപ്പിക്കുന്നു.

**കേന്ദ്ര ഭദ്രാസന തല പിരിവുകൾ**

ഭദ്രാസനദിനം, പ്രാർത്ഥനായോഗം, വൈദീക സെമിനാരി, മിഷൻ ബോർഡ്, സൺഡേസ്കൂൾ, യുവജനപ്രസ്ഥാനം, മർത്തമറിയ സമാജം തുടങ്ങിയ എല്ലാ കവർ പിരിവുകളും സമാഹരിച്ചു നൽകുന്നതിൽ ബഹുമാനപ്പെട്ട വൈദീകരും പള്ളികളും ഏറെ ഉത്സാഹിക്കുന്നു. പ്രാർത്ഥനായോഗം ഭദ്രാസനത്തിൽ നിന്ന് സമാഹരിച്ച തുക പൂർണ്ണമായും ഭദ്രാസനത്തിലെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് നൽകിയത് അഭിനന്ദനമർഹിക്കുന്നതാണ്.

**ദേവാലയ നിർമ്മാണം/ നവീകരണപ്രവർത്തനങ്ങൾ**

പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ ചേറ്റുകഴിയിൽ പണിതു കൊണ്ടിരുന്ന ദേവാലയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് കൂദാശ കർമ്മം നടത്തി. പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് മുഖ്യകാർമികത്വം വഹിച്ചു. ആലംപള്ളി സെന്റ് സ്റ്റീഫൻസ്, കഞ്ഞിക്കുഴി സെന്റ് തോമസ്, കൊടികുത്തി സെന്റ് ഡയനീഷ്യസ്, പള്ളിക്കുന്ന് സെന്റ് ജോർജ്ജ്, കരുണാപുരം ജറുശലേം സെന്റ് തോമസ് എന്നീ ദേവാലയങ്ങൾ നവീകരണ പ്രവർത്തനങ്ങൾ നടത്തി പുനപ്രതിഷ്ഠിച്ചു.

**കൃഷി**

നമ്മുടെ പ്രധാനമായ വരുമാനം ഏലം കൃഷിയിൽ നിന്നുള്ളതാണ്. വളരെ നല്ല രീതിയിൽ കൃഷി നടത്തിവരുന്നു.

**ഉപസംഹാരം**

സഭാ ജീവിതത്തിന്റെ സന്തോഷവും സംതൃപ്തിയും നിറവോടെ അനുഭവിച്ചു ജീവിക്കാൻ ദൈവം നമ്മുടെ മെത്രാസനത്തെ തുണച്ചു. പ. കാതോലിക്കാബാവാ തിരുമനസ്സിനോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. മെത്രാസനത്തിനുവേണ്ടിയുള്ള ഇടവക മെത്രാപ്പോലീത്തായുടെ ദർശനവും കാഴ്ചപ്പാടും ആത്മാർത്ഥതയും സമർപ്പണവും ശ്ലാഘനീയമാണ്. ഭാരങ്ങൾ അനുഭവിക്കുന്ന ഇടവകകൾക്കും കുടുംബങ്ങൾക്കും വ്യക്തികൾക്കും തിരുമേനിയുടെ കരങ്ങൾ കരുതലും സ്നേഹവുമായി. വിശ്രമമില്ലാതെ ഈ മെത്രാസനത്തിനുവേണ്ടി കർമ്മമേഖലയിൽ ഉത്സുകനായിരിക്കുന്ന തിരുമേനിക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ഭദ്രാസനദേവാലയങ്ങൾക്കായി അധ്വാനിക്കുന്ന വന്ദ്യ വൈദിക ശ്രേഷ്ഠരോടും സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളോടും ഭദ്രാസനകൗൺസിൽ അംഗങ്ങളോടും ഓഡിറ്റർമാരോടും ആത്മീയ സംഘടനാഭാരവാഹികൾ, അസോസിയേഷൻ അംഗങ്ങൾ, ഭദ്രാസനപ്രതിനിധികൾ, ഇടവകകളിലെ ട്രസ്റ്റിമാർ, മാനേജിങ് കമ്മിറ്റി അംഗങ്ങൾ, വിശ്വാസികൾ, എന്നിവരോടും ഈ ഭദ്രാസനത്തിനു വേണ്ടി അധ്വാനിച്ച് ദൈവസന്നിധിയിൽ ചേർക്കപ്പെട്ടവരോടുമുള്ള ഇടുക്കി മെത്രാസനത്തിന്റെ സ്നേഹവും പ്രാർത്ഥനയും കൃതജ്ഞതയും രേഖപ്പെടുത്തുന്നു. 2024-25 വർഷത്തെ പ്രവർത്തനറിപ്പോർട്ട് അംഗീകാരത്തിനായി ആദരപൂർവ്വം അർപ്പിക്കുന്നു.

**ഭദ്രാസന സെക്രട്ടറി**
**ഫാ. ബിജു ആൻഡ്രൂസ്**

# SAJU & JOSE
CHARTERED ACCOUNTANTS


## INDEPENDENT AUDITOR'S REPORT

To

MALANKARA ORTHODOX SYRIAN CHURCH,
IDUKKI DIOCESE .
CHAKKUPALLAM

***Report on the Financial Statements***

We have audited the accompanying financial statements of MALANKARA ORTHODOX SYRIAN CHURCH, IDUKKI DIOCESE., CHAKKUPALLAM under the Control of Malankara Orthodox Syrian Church, Kottayam ("the Church"), which comprise the Balance Sheet as at March 31, 2025, the Income and Expenditure Account and Receipt and Payment Account for the year then ended, and a summary of significant accounting policies and other explanatory information.

***Management's Responsibility for the Financial Statements***

Management is responsible for the preparation of these financial statements that give a true and fair view of the financial position and financial performance of the Church in accordance with the Accounting Standards. This responsibility includes the design, implementation and maintenance of internal control relevant to the preparation and presentation of the financial statements that give a true and fair view and are free from material misstatement, whether due to fraud or error.

***Auditor's Responsibility***

Our responsibility is to express an opinion on these financial statements based on our audit. We conducted our audit in accordance with the Standards on Auditing issued by the Institute of Chartered Accountants of India. Those Standards require that we comply with ethical requirements and plan and perform the audit to obtain reasonable assurance about whether the financial statements are free from material misstatement.

An audit involves performing procedures to obtain audit evidence about the amounts and disclosures in the financial statements. The procedures selected depend on the auditor's judgment, including the assessment of the risks of material misstatement of the financial statements, whether due to fraud or error. In making those risk assessments, the auditor considers internal control relevant to the Church's preparation and fair presentation of the financial statements in order to design audit procedures that are appropriate in the circumstances, but not for the purpose of expressing an opinion on the effectiveness of the Diocese/Church's Internal Control. An audit also includes evaluating the appropriateness of accounting policies used and the reasonableness of the accounting estimates made by management, as well as evaluating the overall presentation of the financial statements.

We believe that the audit evidence we have obtained is sufficient and appropriate to provide a basis for our audit opinion.

SAJU & JOSE KANJIKUZHY KOTTAYAM - 4 CHARTERED ACCOUNTANTS


XVIII / 475, CSI SHOPPING COMPLEX, KANJIKUZHY, MUTTAMBALAM P.O, KOTTAYAM - 686004
Tel/Fax (O): 0481-2573099, 95449 16531 E-mail: sajuandjose@yahoo.com, sajuandjoseca@gmail.com

We report the following observations/ comments

a) Secured Loans, Current Liabilities, Current Assets are based on books of accounts only and are subject to confirmation.

***Opinion***

In our opinion and to the best of our information and according to the explanations given to us, the financial statements together with the Notes on Accounts annexed to this report give the information required and give a true and fair view in conformity with the accounting principles generally accepted in India:

(a) In the case of the Balance Sheet, of the state of affairs of the Church as at March 31, 2025

(b) In the case of the Income and Expenditure Account, of the excess of expenditure over income for the year ended on that date; and

(c) In the case of the Receipt and Payment Account, of the receipt and payment for the year ended on that date.

***Report on Other Legal and Regulatory Requirements***

We report that:

a) We have sought and obtained all the information and explanations which to the best of our knowledge and belief were necessary for the purpose of our audit

b) In our opinion proper books of account except to the comment mentioned above as required by Law have been kept by the Institution so far as appears from our examination of those books

c) The Balance Sheet, and Statement of Income and Expenditure and Receipt and Payments Accounts dealt with by this Report are in agreement with the books of account;

d) In our opinion, the Balance Sheet and Income and Expenditure Account, comply with the Accounting Standards

Place: Kottayam
Date:17/05/2025

**For SAJU & JOSE**
**Chartered Accountants**

SAJU & JOSE CHARTERED ACCOUNTANTS KANJIKUZHY KOTTAYAM - 4

**CA SAJU C. KURUVILLA**
Proprietor (M.No.202601)
FRN: 010860S

UDIN: 25202601BMIPIQ4123

## ACCOUNTING POLICIES AND NOTES

Significant accounting policies adopted in the preparation and presentation of accounts for the year ended 31st 2025 are as under:

### BASIS OF PREPARATION

The financial statements of the Diocese have been prepared in accordance with generally accepted accounting principles in India. The Diocese has prepared these financial statements to comply in all material respects with the accounting standards issued by the Institute of Chartered Accountants of India. The financial statements have been prepared on an accrual basis and under the historical cost convention, except where otherwise stated. The accounting policies adopted in the preparation of financial statements are consistent with those of previous year.

### FIXED ASSETS

Fixed Assets are stated at cost less accumulated depreciation.

### DEPRECIATION

Depreciation of Fixed Assets has been provided on Written down Value method at the rates prescribed by the Income Tax Act as disclosed in the schedule to the accounts.

### RECOGNITION OF INCOME AND EXPENDITURE

All income and expenditure having a material bearing on the financial statements are recognised on accrual basis.

### NOTES ON ACCOUNTS

Figures of the previous year have been regrouped/reclassified wherever considered necessary to confirm to the current year's classification.
Diocese internal auditors have verified all receipts and payments and their remarks have been considered for preparing this Financial Statements. Errors and Omissions detected during the audit are corrected in the appropriate accounts.
Various outstanding Advances and Receivables grouped under Current Assets are subject to confirmation.

---

As per our report of even date attached

For SAJU & JOSE
Chartered Accountants

CA SAJU C. KURUVILLA
Proprietor (M.No 202601)
FRN: 010565S

SAJU & JOSE CHARTERED ACCOUNTANTS KANJIKUZHY KOTTAYAM - 4

UDIN: 25202601BMIPIQ4123
Place: Kottayam
Date: 17/05/2025

For MALANKARA ORTHODOX SYRIAN CHURCH,IDUKKI DIOCESE .

# MALANKARA ORTHODOX SYRIAN
# RECEIPTS AND PAYMENTS ACCOUNT

| PY | | Receipts | Sch | CY |
|---|---|---|---|---|
| 542937.52 | To | Opening Cash & Bank Balance | A | 2435994.23 |
| 0.00 | " | Fixed Deposit (Priest welfare) | | 4324353.00 |
| 0.00 | " | Fixed Deposit | | 4000000.00 |
| 10552710.28 | " | Salary Contribution | | 11399915.00 |
| 8054199.00 | " | Agriculture Income | B | 7374791.00 |
| 1525000.00 | " | Grant Received | C | 1567186.00 |
| 10445286.00 | " | Donation Received | D | 11942915.00 |
| 4547976.00 | " | Priest Welfare Fund | | 1241233.00 |
| 133492.22 | " | Other Incomes | E | 63358.16 |
| 154829.00 | " | Chapel Income | | 152093.00 |
| 63783.00 | " | Interest Received | | 74832.00 |
| 304240.04 | " | Religious income | F | 288843.28 |
| 4358.00 | " | Advance Refund from Secretary | | 0.00 |
| 3819.98 | " | GST collected | | 12262.26 |
| 3890.00 | " | TDS collected | | 340.00 |
| 195304.16 | " | Sales ( Book Center) | | 218226.13 |
| 258165.21 | " | MOC Books | | 129683.37 |
| 3110000.00 | " | Donation received from MDF | | 0.00 |
| | " | Interest Received-FD | P | 456243.00 |
| **39899990.41** | | **Total:** | | **45682268.43** |

## CHURCH, IDUKKI DIOCESE
## FOR THE YEAR ENDED 31.03.2025

| PY | | Payments | Sch | CY |
|---|---|---|---|---|
| 892800.00 | By | Salary & Allowances, Pension | G | 881000.00 |
| 130179.00 | " | Administrative Expense | H | 103467.02 |
| 3676926.00 | " | Agriculture Expenses | I | 2873251.00 |
| 2100010.00 | " | Loan Repayment ( unsecured) | | 0.00 |
| 5530.00 | " | Welfare Advance Refund | | 0.00 |
| 582119.00 | " | Aramana Expenses | S | 767233.00 |
| 1574780.00 | " | Aramana Renovation expense | K | 0.00 |
| 3855.00 | " | TDS | | 35.00 |
| 1019000.00 | " | Grant Paid | J | 2220400.00 |
| 3271.21 | " | Interest & Bank Charges | | 3213.42 |
| 12275080.00 | " | Salary to Preist | L | 14050871.00 |
| 0.00 | " | IOMM Nettithozhu | | 1000000.00 |
| 384498.09 | " | Purchase ( Book Center) | | 278468.77 |
| 210783.00 | " | Accrued Intrest on Fd (priest welfare) | | 281.00 |
| 5385130.00 | " | Charity | M | 10175690.00 |
| 34500.00 | " | TDS on Interest | | 56503.00 |
| 5423.08 | " | GST Paid | | 14485.64 |
| 9605.80 | " | Book Center Expense | | 7260.00 |
| 190978.00 | " | Asset addition | | 719821.00 |
| 220583.00 | " | Repairs and Maintenance | Q | 262410.00 |
| 31560.00 | " | Religious Payment | R | 22196.00 |
| 0.00 | " | Kattapana Project | | 10000.00 |
| 403032.00 | " | Spiritual Organisation Programm | N | 403763.00 |
| 0.00 | " | Priest welfare paid | | 113603.00 |
| 2435994.23 | " | Closing Cash & Bank Balance | O | 853534.58 |
| 4324353.00 | " | Fixed Deposit (Priest welfare) | | 5675606.00 |
| 4000000.00 | " | Fixed Deposit | | 5189176.00 |
| **39899990.41** | | **Total:** | | **45682268.43** |

# MALANKARA ORTHODOX SYRIAN
# INCOME AND EXPENDITURE ACCOUNT

| PY | | EXPENDITURE | SCH | CY |
|---|---|---|---|---|
| 528479.00 | To | Opening Stock | | 1551585.13 |
| 892800.00 | " | Salary & Allowances, Pension | G | 881000.00 |
| 3676926.00 | " | Agriculture Expenses | I | 2873251.00 |
| 1019000.00 | " | Grants paid | J | 2220400.00 |
| 582119.00 | " | Aramana Expenses | S | 767233.00 |
| 1574780.00 | " | Aramana Renovation Expenses | | 0.00 |
| 5385130.00 | " | Charity | M | 10175690.00 |
| 384498.09 | " | Purchase (Book Center) | | 5813.95 |
| 130179.00 | " | Administrative Expense | H | 103467.02 |
| 12275080.00 | " | Salary to Preist | L | 14050871.00 |
| 3271.21 | " | Interest & Bank Charges | | 3213.42 |
| 148089.20 | " | Depreciation | | 233621.45 |
| 9605.80 | " | Book Center Expense | | 12683.08 |
| 31560.00 | " | Religious Expenses | R | 22196.00 |
| 403032.00 | " | Spiritual Organisation Programm | N | 403763.00 |
| 0.00 | " | Kattappana Project | | 10000.00 |
| 220583.00 | " | Repair and maintenance | Q | 262410.00 |
| 8825296.53 | | | | |
| **36090428.83** | | **Total:** | | **33577198.05** |

# CHURCH, IDUKKI DIOCESE
# FOR THE YEAR ENDED 31.03.2025

| PY | | INCOME | SCH | CY |
|---|---|---|---|---|
| 10552710.28 | By | Salary Contribution | | 11399915.00 |
| 8054199.00 | " | Agriculture Income | B | 7374791.00 |
| 1525000.00 | " | Grant received | C | 1567186.00 |
| 10445286.00 | " | Donation Received | D | 11942915.00 |
| 133492.22 | " | Other incomes | E | 63358.16 |
| 154829.00 | " | Chapel Income | | 152093.00 |
| 63783.00 | " | Interest Received | | 320292.00 |
| 304240.04 | " | Religious Income | F | 288843.28 |
| 195304.16 | " | Sales (Book Center) | | 218226.13 |
| 3110000.00 | " | Donation received from MDF | | 0.00 |
| 1551585.13 | " | Closing Stock | | 37192.18 |
| 0.00 | " | Excess of Expenditure over Income | | 212386.30 |
| **36090428.83** | | **Total:** | | **33577198.05** |

# MALANKARA ORTHODOX SYRIAN
# BALANCE SHEET

| 31/03/2024 | LIABILITIES | | 31/03/2025 |
|---|---|---|---|
| | **Capital Fund** | | |
| 7680804.83 | As per Last Balance Sheet | 16506101.36 | |
| 0.00 | Less : Excess of Expenditure over Income | 212386.30 | |
| 0.00 | Add: From Diocesan Metropolitan Fund | 0.00 | |
| 8825296.53 | Add: Excess of Income over Expenditure | 0.00 | **16293715.06** |
| 1,65,06,101.36 | | | |
| | **Loans and Advances** | | |
| 0.00 | Unsecured Loans As per List | 0.00 | **0.00** |
| 4547976.00 | **Priest PF Payable** | 56,75,606.00 | **5675606.00** |
| | **Current Liabilities and Provisions** | | |
| 25,000.00 | Audit Fee Payable | 25000.00 | |
| 3,819.98 | GST Payable | 1596.60 | |
| 35.00 | TDS Payable | 340.00 | |
| 258165.21 | MOC Books | 115193.76 | **142130.36** |
| **2,13,41,097.55** | **Total** | | **22111451.42** |

**Sd/-**
**H G Zachariah Mar Severios**
**Metropolitan**

**Sd/-**
**Rev. Fr. Biju Andrews**
**Diocesan Secretary**

# CHURCH, IDUKKI DIOCESE
# AS AT 31.03.2025

| 31/03/2024 | ASSETS | | 31/03/2025 |
|---|---|---|---|
| | **Fixed Asset -As per Schedule M** | | |
| 6312785.29 | As per last Balance Sheet | 81,02,186.09 | |
| 1937490.00 | Add: Addition during the Year | 7,19,821.00 | |
| -148089.20 | Less: Depreciation for the year | 2,33,621.45 | **85,88,385.64** |
| | **Deposits and Advances** | | |
| 4324353.00 | FD Deposit( PF) | 51,89,176.00 | |
| 210783.00 | Accurued Interest on FD | 281.00 | |
| 4000000.00 | Fixed Deposit | 56,75,606.00 | |
| 4300.00 | Electricity Deposit | 4,300.00 | |
| 2000.00 | Gas Deposits | 2,000.00 | |
| 600.00 | Telephone Deposit | 600.00 | **1,08,71,963.00** |
| | **Current Assets, Loans & Advances** | | |
| 5423.08 | GST Receivable | 0.00 | |
| 669373.00 | Idukki IOH,Nettithozhu | 1669373.00 | |
| 1551585.13 | Closing Stock | 37192.18 | |
| 34500.00 | TDS Receivable | 91003.00 | **17,97,568.18** |
| | **Cash & Bank Balance** | | |
| 2435994.23 | As Per Schedule O | 8,53,534.58 | **8,53,534.58** |
| **21341097.55** | **Total** | | **22111451.42** |

**Sd/-**

**C A Saju C Kuruvila**

**Chartered Accountant**

**M No.202601**

**FRN 010860S**

**UDIN:25202601BMIPIQ4123**

## MALANKARA ORTHODOX SYRIAN CHURCH , IDUKKI DIOCESE. SCHEDULE

| Opening Cash & Bank Balance- SH A | 2024-25 | 2023-24 |
|---|---|---|
| Union Bank Of India A/c No. 5558 | 10,02,393.80 | 4,00,534.88 |
| Union Bank Of India A/c No. 8365 | 59,884.44 | 945.96 |
| Union Bank Of India A/c No. 8409 | 7,34,960.37 | 1,35,845.68 |
| Federal Bank A/c No. 46253 | 6,10,311.62 | 0.00 |
| Cash In Hand | 28,444.00 | 5,611.00 |
| **Total** | **24,35,994.23** | **5,42,937.52** |

| Agriculture Income - SH B | | |
|---|---|---|
| Land Lease Amount | 2,00,000.00 | 2,00,000.00 |
| Sale of Cardamom | 67,43,997.00 | 78,33,583.00 |
| Sale of Ginger | 0.00 | 5,250.00 |
| Sale of Green Pepper | 3,67,150.00 | 2,506.00 |
| Sale of Other Agri Products | 0.00 | 920.00 |
| Sale of Jackfruit | 1,400.00 | 0.00 |
| Agriculture Income - ( Other) | 10,320.00 | 0.00 |
| Cattle Income | 21,768.00 | 707.00 |
| Poultry Income | 26,416.00 | 0.00 |
| Sales of Banana | 3,740.00 | 11,233.00 |
| **Total** | **73,74,791.00** | **80,54,199.00** |

| Grant Recevied - SH C | | |
|---|---|---|
| Grant Received-Share of Catholicate Day | 67,186.00 | 0.00 |
| Grant Received from Catholicate Office | 15,00,000.00 | 15,25,000.00 |
| **Total** | **15,67,186.00** | **15,25,000.00** |

| Donation Received -SH D | | |
|---|---|---|
| Donation Received for Charity through Metropolitan | 3501015.00 | 3422807.00 |
| Donation Received - Metropolitan Discretionary Fund | 5740000.00 | 650000.00 |
| Donation Received - Sahodharan Project | 738000.00 | 676500.00 |
| Wayanad House Projections | 1475700.00 | 0.00 |
| General Donation | 51700.00 | 0.00 |
| Donation Received Through Metropolitan | 436500.00 | 56,95,979.00 |
| **Total** | **1,19,42,915.00** | **1,04,45,286.00** |

| Other Incomes - SH E | | |
|---|---|---|
| Discount Received | 200.00 | 7593.00 |
| Hall Income | 0.00 | 14500.00 |
| Miscellaneous Income | 0.00 | 14042.00 |
| Over Target Collection | 0.00 | 65575.00 |
| Parish Hall Rent Received | 62,288.16 | 30932.22 |
| Scrap Sales | 870.00 | 850.00 |
| **Total** | **63,358.16** | **1,33,492.22** |

| Religious Income SH - F | | |
|---|---|---|
| Diocesan Day 2023 | 0.00 | 28,200.00 |
| Mission Board Grant | 25,000.00 | 0.00 |
| Diocesan Day Collection -24 | 2,20,600.00 | 2,29,597.64 |
| Pre Marital Counseling Income | 35,593.28 | 42,042.40 |
| Vivaha Kaimuthu | 7,650.00 | 4,400.00 |
| **Total** | **2,88,843.28** | **3,04,240.04** |

**Salaries & Allowances- SH G**

| | | |
|---|---|---|
| Salary to Staff | 7,41,000.00 | 6,87,000.00 |
| Aramana Manager Allowance | 60,000.00 | 60,000.00 |
| Diocesan Secretary Allowance | 60,000.00 | 60,000.00 |
| Special Allowance | 20,000.00 | 85,800.00 |
| **Total** | **8,81,000.00** | **8,92,800.00** |

**Administrative expense SH H**

| | | |
|---|---|---|
| Audit Fee | 25,000.00 | 33,500.00 |
| Gift & Presentations | 0.00 | 4,000.00 |
| Medical Expenses | 3,339.00 | 608.00 |
| Commission Paid | 2,000.00 | 0.00 |
| Miscellaneous Expense | 2,512.02 | 570.00 |
| Postal & Telephone Expenses | 10,173.00 | 12,157.00 |
| Printing & Stationery Expenses | 39,985.00 | 50,906.00 |
| Subscription & Periodicals | 3,305.00 | 3,240.00 |
| Tax & Rates | 16,303.00 | 13,198.00 |
| Travelling Expenses | 850.00 | 12,000.00 |
| **Total** | **1,03,467.02** | **1,30,179.00** |

**Agricultural. Expenses- SH I**

| | | |
|---|---|---|
| Allowance to Care Taker | 50,800.00 | 0.00 |
| Fertilizer & Pestizides | 8,35,709.00 | 10,78,418.00 |
| Fuel Exp. for Agriculture | 17,510.00 | 32,280.00 |
| Irrigation Fittings | 95,000.00 | 1,68,625.00 |
| Labour Charge Paid | 15,68,652.00 | 21,58,980.00 |
| Other Agri Expenses | 1,13,423.00 | 1,17,238.00 |
| Repair & Maintance - Agri Equipments | 47,427.00 | 44,935.00 |
| Cattle Expenses | 76,470.00 | 1,185.00 |
| Store Expenses | 39,750.00 | 53,100.00 |
| Transportation for Agriculture | 28,510.00 | 22,165.00 |
| **Total** | **28,73,251.00** | **36,76,926.00** |

**Grants Paid -SH J**

**Grant Paid to Church**

| | | |
|---|---|---|
| Grant Paid to St. George OC, Karimban | 0.00 | 40,000.00 |
| Grant Paid to St. Gregorios, Chettukuzhi | 1,00,000.00 | 50,000.00 |
| Grant Paid to St. Marys OC, Ayyappancovil | 0.00 | 15,000.00 |
| Grant Paid to St. Marys OC, Uppukunnu | 1,00,000.00 | 4,50,000.00 |
| Grant Paid to St. Thomas OC, Heliburia | 0.00 | 1,00,000.00 |
| Grant Paid to St. Thomas OC, Kanjikuzhi | 1,00,000.00 | 40,000.00 |
| Grant Paid to Mar Gregorius OC, Pambanar | 0.00 | 50,000.00 |
| Grant Paid to St. Mary's OC, Vandiperiyar | 0.00 | 40,000.00 |
| Grant Paid to St.Marys O.C, Kochera | 0.00 | 5,000.00 |
| Grant Paid to St Dionysius OSC,Kodikuthi | 1,00,000.00 | 0.00 |
| Grant Paid to St George OSC,Thengakallu | 1,00,000.00 | 0.00 |
| Grant Paid to St George Pallikkunnu | 50,000.00 | 0.00 |
| Grant Paid to St Marys, vazhavara | 0.00 | 0.00 |
| Grant Paid to St. GregoriosThankamony | 25,000.00 | 0.00 |
| Grant Paid to ST Marys OSC,Valiyathovala | 25,000.00 | 0.00 |
| Grant Paid to St Thomas OSC,Anavilasam | 1,00,000.00 | 0.00 |
| Grant Paid to St Thomas OSC,Heliburia | 10,000.00 | 0.00 |
| Grant Paid to St Thomas OSC,Upputhara | 25,000.00 | 0.00 |
| Grant Paid to St Thomas OSC,Pullikanam | 50,000.00 | 0.00 |

| | | |
|---|---|---|
| Grant Paid to St Stephen, Alampally | 50,000.00 | 0.00 |
| Grant Paid to St Thomas, Karunapuram | 0.00 | 0.00 |
| Grant Paid to St Thomas, Vandanmedu | 0.00 | 0.00 |
| Grant Paid to St Peters, Alampally | 0.00 | 0.00 |
| Grant Paid to kungiripetty | 7,50,000.00 | 0.00 |
| Grant to St. Marys OC, Nariyanpara | 0.00 | 1,00,000.00 |
| **Grants to Others** | 0.00 | 0.00 |
| Balasamajam Grant | 25,000.00 | 5,000.00 |
| Grant Paid to Gospel Team | 0.00 | 10,000.00 |
| Grant Paid to Prayer Group | 25,000.00 | 10,000.00 |
| Grant Sunday School | 25,000.00 | 5,000.00 |
| Martha Mariam Samajam | 25,000.00 | 5,000.00 |
| OCYM Grant | 25,000.00 | 16,500.00 |
| Prayer Group Grant | 0.00 | 17,500.00 |
| Grant to Navajyothi Moms | 0.00 | 0.00 |
| Grant to Theertha Yathra Sangam | 10,000.00 | 0.00 |
| Grant to HRM | 10,000.00 | 0.00 |
| Grant to AMOSS | 10,000.00 | 0.00 |
| Grant to Divyabodham | 10,000.00 | 0.00 |
| Grant to Mar Barnabas Tailoring Unit | 50,000.00 | 0.00 |
| Grant to Navajyothi Moms | 1,25,000.00 | 0.00 |
| Vaideeka Sangam Grant | 15,000.00 | 50,000.00 |
| Grant to MGOCSM | 25,000.00 | 10,000.00 |
| **Salary Subsidy Paid** | | |
| St. Dionysious, Kodikuthy | 14,160.00 | 0.00 |
| St. George , Pallikunnu | 14,520.00 | 0.00 |
| St. Gregorios, Pambanar | 44,880.00 | 0.00 |
| St. Gregorios, Chettukuzhi | 26,400.00 | 0.00 |
| St Gregorios, Thanamony | 5,520.00 | 0.00 |
| St. Mary's Vazhavara | 22,000.00 | 0.00 |
| St. Marys, Valiyathovala | 30,000.00 | 0.00 |
| St. Marys, Uppukunnu | 19,920.00 | 0.00 |
| St. Stephens, Alampally | 24,000.00 | 0.00 |
| St. Thomas, Anavilasam | 24,000.00 | 0.00 |
| St. Thomas, Karunapuram | 24,000.00 | 0.00 |
| St. Thomas Vandanmedu | 6,000.00 | 0.00 |
| **Total** | **22,20,400.00** | **10,19,000.00** |

**Aramana Renovation Expense - SH -K**

| | | |
|---|---|---|
| Aramana Renovation Expense | 0.00 | 15,74,780.00 |

**Salaries and Allowances to Priest - SH - L**

| | | |
|---|---|---|
| Salary to Priest | 1,25,83,340.00 | 1,11,53,280.00 |
| Priest - Welfare | 9,05,031.00 | 6,41,800.00 |
| Pension | 3,22,500.00 | 3,00,000.00 |
| Metropolitan Allowance | 2,40,000.00 | 1,80,000.00 |
| **Total** | **1,40,50,871.00** | **1,22,75,080.00** |

**Charity - SH - M**

| | | |
|---|---|---|
| Monthly Charity | 14,43,000.00 | 1367000.00 |
| Charity | 15,750.00 | 7350.00 |
| Education Aid | 12,36,750.00 | 852740.00 |
| House Building Aid | 44,20,000.00 | 1590820.00 |
| Marriage Aid | 2,50,000.00 | 400000.00 |
| Snehasparsham | 3,50,000.00 | 0.00 |
| Wayanad House Project | 15,00,000.00 | 0.00 |
| Medical Aid | 9,18,990.00 | 961668.00 |
| Donation to Nilackal Ecumenical Trut and others | 41,200.00 | 0.00 |
| Donation to St. Gregorious Charitable Trust | 0.00 | 200000.00 |
| Sick Aid | 0.00 | 5552.00 |
| **Total** | **1,01,75,690.00** | **5385130.00** |

**SPIRITUAL ORGANISATION PROGRAMMES- SH N**

| | | |
|---|---|---|
| OVBS Program | 0.00 | 24,500.00 |
| Feast Expense | 13,000.00 | 0.00 |
| Perunall Expenses | 1,98,090.00 | 2,50,178.00 |
| MGOCSM Program | 25,000.00 | 0.00 |
| Prayer Group Annual Meeting | 0.00 | 35,000.00 |
| Sunday School Teachers Camp | 0.00 | 24,300.00 |
| Meeting Expense | 76,350.00 | 0.00 |
| Chapel Expenses | 35,823.00 | 63,054.00 |
| Vaideeka Yogam | 55,500.00 | 6,000.00 |
| **Total** | **4,03,763.00** | **4,03,032.00** |

**CLOSING CASH & BANK BALANCE- SH O**

| | | |
|---|---|---|
| SIB 16514 | 96,899.08 | 10,02,393.80 |
| SIB KANJIKUZHY 6458 | 1,10,972.74 | 59,884.44 |
| Union Bank Of India A/c No. 5558 | 2,15,011.47 | 7,34,960.37 |
| Union Bank Of India A/c No. 8365 | 3,99,811.52 | 6,10,311.62 |
| Cash In Hand | 30,839.77 | 28,444.00 |
| **Total** | **8,53,534.58** | **24,35,994.23** |

**INTEREST-SH-P**

| | | |
|---|---|---|
| Interest Received-FD | 2,45,460.00 | 0.00 |
| Interest Receivables 23-24 | 2,10,783.00 | 0.00 |
| **Total** | **4,56,243.00** | 0.00 |

**Repair and Maintenance-SH-Q**

| | | |
|---|---|---|
| Bike Expenses | 7,947.00 | 16,133.00 |
| Repair & Maintance | 2,54,463.00 | 2,04,450.00 |
| **Total** | **2,62,410.00** | **2,20,583.00** |

**Relegious Expense-SH-R**

| | | |
|---|---|---|
| Catholicate Day Program | 0.00 | 7200.00 |
| Diocesan Day Program | 0.00 | 7500.00 |
| Diocesan Share of Interest on FD (PF) | 22196.00 | 16860.00 |
| **TOTAL** | **22,196.00** | **31,560.00** |

**Aramana Expense-SH-S**

| | | |
|---|---|---|
| Cleaning Expense | 22,325.00 | 0.00 |
| Gardening Expense | 6,600.00 | 11,700.00 |
| Haritha Karma Sena | 700.00 | 0.00 |
| Other Expenses | 22,156.00 | 65,287.00 |
| Wages paid | 67,800.00 | 0.00 |
| Mess expense | 4,72,568.00 | 3,28,756.00 |
| Electricity Expenses | 83,297.00 | 98,134.00 |
| Fuel | 27,612.00 | 6,962.00 |
| Meeting Expenses | 64,175.00 | 71,280.00 |
| **Total** | **7,67,233.00** | **5,82,119.00** |

**FIXED ASSET**

**SH:T**

| SL.NO | Particulars | WDV as on 01.04.2024 | Additions | Deductions | Total | Rate | Depreciation | WDV as on 31.03.2025 |
|---|---|---|---|---|---|---|---|---|
| 1 | Land | 52,20,537.40 | 1,50,000.00 | | 53,70,537.40 | | - | 53,70,537.40 |
| 2 | Land Development | 7,02,170.00 | | | 7,02,170.00 | | - | 7,02,170.00 |
| 3 | Building | 16,92,580.54 | | | 16,92,580.54 | 5.00 | 84,629.03 | 16,07,951.52 |
| 4 | Furniture & Fittings | 2,46,198.72 | 39,810.00 | | 2,86,008.72 | 10.00 | 28,600.87 | 2,57,407.85 |
| 5 | Plant & Machinery | 89,638.75 | 4,80,151.00 | | 5,69,789.75 | 15.00 | 85,468.46 | 4,84,321.29 |
| 6 | Mixer | 903.27 | | | 903.27 | 15.00 | 135.49 | 767.78 |
| 7 | Inverter | 10,654.47 | | | 10,654.47 | 15.00 | 1,598.17 | 9,056.30 |
| 8 | Kitchen Equipments | 47,383.95 | | | 47,383.95 | 15.00 | 7,107.59 | 40,276.36 |
| 9 | Mastero Bike | 16,308.32 | | | 16,308.32 | 15.00 | 2,446.25 | 13,862.07 |
| 10 | Vacum Cleaner | 1,033.39 | | | 1,033.39 | 15.00 | 155.01 | 878.38 |
| 11 | Washing Machine | 36,213.75 | | | 36,213.75 | 15.00 | 5,432.06 | 30,781.69 |
| 12 | Computer & Accessorie | 2,767.14 | | | 2,767.14 | 40.00 | 1,106.86 | 1,660.29 |
| 13 | Fridge | 8,010.58 | - | | 8,010.58 | 15.00 | 1,201.59 | 6,808.99 |
| 14 | Water Purifier | 12,795.68 | 18,000.00 | | 30,795.68 | 15.00 | 4,619.35 | 26,176.33 |
| 15 | Tally Software | 3,628.80 | - | | 3,628.80 | 40.00 | 1,451.52 | 2,177.28 |
| 20 | Intangible Asset- Website | | 31,860.00 | | 31,860.00 | 25.00 | 7,965.00 | 23,895.00 |
| 21 | Grass Cutter | 11,361.31 | - | | 11,361.31 | 15.00 | 1,704.20 | 9,657.12 |
| | **Total** | **81,02,186.08** | **7,19,821.00** | **-** | **88,22,007.08** | | **2,33,621.45** | **85,88,385.64** |

# 1. പ്രാർത്ഥനായോഗം

നമുടെ ഇടുക്കി ഭദ്രാസനത്തിലെ എല്ലാ പള്ളികളിലും പ്രാർത്ഥനയോഗം യൂണിറ്റുകൾ വളരെ സജീവമായി പ്രവർത്തിച്ചുവരുന്നു. റിപ്പോർട്ട് വർഷം 70 യൂണിറ്റുകൾ ഭദ്രാസനതലത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചുരുക്കം യൂണിറ്റുകൾ കൂടി രജിസ്ട്രേഷൻ നടത്തുവാനുണ്ട്.

**ഭദ്രാസനവാർഷികം**

പ്രാർത്ഥനയോഗം ഇടുക്കി ഭദ്രാസനവാർഷിക സമ്മേളനം 2024 മെയ് 11 ശനിയാഴ്ച ചെല്ലാർകോവിൽ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് ഇടവക മെത്രാപ്പോലീത്ത അഭി.സഖറിയ മാർ സേവേറിയോസ് തിരുമനസ്സിന്റെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രമുഖ വാഗ്മിയും, ഫാമിലി കൗൺസിലറുമായ ഡോ. ഗ്രെയിസ് ലാൽ ക്ലാസ് നയിച്ചു. ഇടുക്കി ഭദ്രാസന സെക്രട്ടറി റവ. ഫാ. ബിജു ആൻഡ്രൂസ്, കേന്ദ്ര ഭാരവാഹികളായ റവ. ഫാ. ബിജു മാത്യു പ്രക്കാനം, റവ ഫാ. മത്തായി കുന്നിൽ, ഐസക് തോമസ്, പി. എസ് ജോർജ്, ഭദ്രാസനഭാരവാഹികളായ റവ. ഫാ.പ്രകാശ് കെ. കുര്യാക്കോസ്, റവ. ഫാ. സ്തേഫാനോസ് ബെഞ്ചമിൻ, ജയൻ കുരുവിള, എ. എം. ഫീലിപ്പോസ്, വിനു ജോസഫ് എന്നിവർ പ്രസംഗിച്ചു.

**പരിസ്ഥിതി വാരാചരണം**

ഈ വർഷത്തെ പരിസ്ഥിതി വാരാചരണം ഇടുക്കി മെത്രാസനത്തിലെ മിക്കവാറും എല്ലാ പള്ളികളിലും പ്രാർത്ഥനയോഗത്തിന്റെ ആഭിമുഖ്യത്തിൽ ബഹു. വികാരിമാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ജൂൺ 6-ന് ചക്കുപള്ളം അരമനയിൽ പരിസ്ഥിതി വാരാചരണത്തിന്റെ ഭാഗമായി ഭദ്രാസനതലത്തിൽ നടത്തപ്പെട്ട വൃക്ഷത്തൈ നടീൽ ഇടവക മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു. മിക്കവാറും എല്ലാ യൂണിറ്റുകളിലേയും സെക്രട്ടറിമാർ സംബന്ധിച്ചു.

**നേതൃത്വ പരിശീലനക്യാമ്പ്**

പ്രാർത്ഥനയോഗം യൂണിറ്റ് - മേഖലാ ഭദ്രാസനതല ഭാരവാഹികൾക്കായി 2024 സെപ്റ്റംബർ 21 ശനിയാഴ്ച വലിയതോവാള സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് അഭി. സഖറിയ മാർ സേവേറിയോസ് തിരുമനസ്സിന്റെ മഹനീയ നേതൃത്വത്തിൽ നേതൃത്വ പരിശീലനക്യാമ്പ് നടത്തപ്പെട്ടു. റവ. ഫാ. റ്റോണി എം. യോഹന്നാൻ മാവേലിക്കര, ശ്രീ വർഗീസ് കരിപ്പാടം എന്നിവർ ക്ലാസുകൾ നയിച്ചു. 450 പ്രതിനിധികൾ പങ്കെടുത്തു. ബഹു. റ്റി. വി. വർഗീസ് അച്ചന്റെ നേതൃത്വത്തിൽ ആ കൊച്ചു ദേവാലയം ഒരുക്കിയ വിപുലമായ ക്രമീകരണങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു

**ബാലചിത്രരചനാ മത്സരം**

പ്രബോധനം പഠനവേദിയുടെ ചുമതലയിൽ നവംബർ-14 നടത്തിയ ONLINE ബാലചിത്ര രചനമത്സരത്തിൽ ഇടുക്കി ഭദ്രാസനത്തിൽ നിന്നും ധാരാളം കുട്ടികൾ പങ്കെടുത്തു.

**പ്രാർത്ഥനാവാരാചരണം**

ഈ വർഷത്തെ പ്രാർത്ഥനാവാരാചരണം ഡിസംബർ 1 മുതൽ 8 വരെ നടത്തപ്പെട്ടു. പ്രാർത്ഥനവാരാചരണ ഉത്ഘാടനം ഡിസംബർ-1-ന് കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രലിൽ പീരുമേട് ഒലിവുമല ആശ്രമം സുപ്പീരിയർ വെരി. റവ. എം. എസ് യൂഹാനോൻ റമ്പാൻ നിർവ്വഹിച്ചു. തുടർന്നുള്ള ദിനങ്ങളിൽ വലിയതോവാള, നെടുംകണ്ടം, നെറ്റിത്തൊഴു കരുണാപുരം, അയ്യപ്പൻകോവിൽ, ശാന്തിഗ്രാം, വണ്ടിപ്പെരിയാർ, ചെല്ലാർകോവിൽ ദേവാലയങ്ങളിൽ നടത്തപ്പെട്ടു. അഭി. സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്ത, വെരി. റവ. എ. വി. കുര്യൻ കോർഎപ്പിസ്കോപ്പാ, വെരി റവ കെ റ്റി. ജേക്കബ് കോർഎപ്പിസ്കോപ്പാ, റവ. ഫാ. കുറിയാക്കോസ് ചാണ്ടി, റവ. ഫാ. ജോർജ് വർഗീസ്, റവ. ഫാ. പി. എം. തോമസ്, റവ. ഫാ. ബിജു ആൻഡ്രൂസ്, റവ. ഫാ. റ്റി. വി. വർഗീസ്, റവ. ഫാ. മഹേഷ് പോൾ, റവ. ഫാ. ജേക്കബ് വർഗീസ്, റവ. ഫാ. ജേക്കബ് മർക്കോസ്, റവ. ഫാ. സ്തേഫാനോസ് ബെഞ്ചമിൻ, റവ. ഫാ. കുറിയാക്കോസ് മാത്യു, റവ. ഫാ. തോമസ് വർഗീസ്, ശ്രീ ബെന്നി കുര്യൻ കൊച്ചറ എന്നിവർ ഓരോ ദിനങ്ങളിൽ വചനസന്ദേശം നൽകി.

**ഭാഗ്യസ്മരണാർഹനായ ബർണബാസ് തിരുമേനിയുടെ കബറിങ്കലേക്ക് തീർത്ഥയാത്ര**

ഇടുക്കി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത പുണ്യശ്ലോകനായ മാത്യൂസ് മാർ ബർണബാസ് തിരുമേനി കബറടങ്ങിയ വളയംചിറങ്ങര സെന്റ് പീറ്റേഴ്സ് പള്ളിയിലേക്ക് ഇടുക്കി ഭദ്രാസന പ്രാർത്ഥനയോഗത്തിന്റെ ആഭിമുഖ്യത്തിൽ തീർത്ഥയാത്ര സംഘടിപ്പിച്ചു. വിവിധ ദേവാലയങ്ങളിൽ നിന്നുമായി 41 പേർ സംബന്ധിക്കുകയും, ഭദ്രാസനത്തിലെ മർത്തമറിയം സമാജം പ്രവർത്തകർ ഉൾപ്പെടെ ഇടുക്കി ഭദ്രാസനത്തിൽ നിന്നും 100 പ്രതിനിധികൾ തീർത്ഥയാത്രയിൽ പങ്കാളികളാകുകയും ചെയ്തു. അഭി. സഖറിയ മാർ സേവേറിയോസ് തിരുമേനി തീർത്ഥാടകരെ സ്വീകരിച്ചു. വെരി. റവ. ഫാ. ഏ. വി. കുര്യൻ കോർഎപ്പിസ്കോപ്പാ, റവ. ഫാ. ബിജു ആൻഡ്രൂസ്, റവ. ഫാ. റ്റി. വി. വർഗീസ്, റവ. ഫാ. സ്തേഫാനോസ് ബെഞ്ചമിൻ എന്നീ വൈദിക ശ്രേഷ്ഠർ തീർത്ഥയാത്രക്ക് നേതൃത്വം നൽകി.

## യൽദോമീറ്റ് സംഗമം

ഈ വർഷത്തെ യൽദോമീറ്റ് 2025 കുടുംബസംഗമം മെത്രാസനതലത്തിൽ ഡിസംബർ 14 ശനിയാഴ്ച ചക്കുപള്ളം ഗത്സിമോൻ അരമനയിൽ ഭാഗ്യസ്മരണാർഹനായ ബർണബാസ് തിരുമേനിയുടെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് നടത്തപ്പെട്ടു. രാവിലെ വി. കുർബ്ബാനയെ തുടർന്ന് നടന്ന കുടുംബ സംഗമം കൊച്ചി ഭദ്രാസനാധിപൻ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഇടവക മെത്രാപ്പോലിത്ത അഭി. സഖറിയ മാർ സേവേറിയോസ് തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു. കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വർഗീസ് പുന്നൂസ് ക്ലാസ് നയിച്ചു. മെത്രാസനത്തിലെ എല്ലാ ബഹു വൈദീകശ്രേഷ്ഠരും എല്ലാ പള്ളികളിൽ നിന്നുമായി 700ൽ പരം പ്രതിനിധികളും പങ്കെടുത്തു.

## നിനുവേ മീറ്റ് ധ്യാനയോഗങ്ങൾ

ഈ വർഷത്തെ നിനുവേമീറ്റ് ധ്യാനയോഗങ്ങൾ 2025 ഫെബ്രുവരി 3, 10, 11, 12 തീയതികളിൽ ഇടുക്കി ഭദ്രാസനത്തിലെ 4 മേഖലകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. തേക്കടി സെന്റ് ജോർജ് വലിയ പള്ളി, നെറ്റിത്തൊഴു താബോർ സെന്റ് ജോർജ് വലിയ പള്ളി, വാഴവര സെന്റ് മേരീസ് പള്ളി ഏലപ്പാറ സെന്റ് മേരീസ്  എന്നീ ദേവാലയങ്ങളിൽ യഥാക്രമം റവ. ഫാ. ജോസഫ് ജോൺ, റവ. ഫാ. പി. എം. ജോൺ, റവ. ഫാ. ടൈറ്റസ് ജോൺ, റവ ഫാ. ജിജിൻ ബേബി എന്നിവർ ധ്യാനയോഗം നയിച്ചു.

2024 ജൂൺ 26 ന് പാമ്പാക്കുട ഏഫേസൂസ് സെന്റ് ജോൺസ് വലിയ പള്ളിയിൽ നടത്തപ്പെട്ട അഖില മലങ്കര വാർഷിക സമ്മേളനത്തിൽ പ്രാർത്ഥനയോഗം ഭദ്രാസനഭാരവാഹികളായ റവ. ഫാ. റ്റി. വി. വർഗീസ്, റവ. ഫാ. സ്തേഫാനോസ് ബെഞ്ചമിൻ എന്നീ വൈദിക ശ്രേഷ്ഠരുടെ നേതൃത്വത്തിൽ 30 പ്രതിനിധികൾ പങ്കെടുത്തു. വടക്കൻ മേഖലയിലെ പുണ്യപുരാതനതീർത്ഥാടനകേന്ദ്രങ്ങളും പ്രതിനിധികൾ അന്നേ ദിവസം സന്ദർശിച്ചു

2025 ലെ പ്രാർത്ഥനയോഗം അഖില മലങ്കര വാർഷികസമ്മേളനം ഏപ്രിൽ 30-ന് ഇടുക്കി ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടത്തുന്നതിനുള്ള വിപുലമായ ക്രമീകരണങ്ങൾ നടന്നു വരുന്നു.

## കർഷക അവാർഡ്

ഇടുക്കി ഭദ്രാസനത്തിലെ മികച്ച കർഷകരെ കണ്ടെത്തി അവരെ ആദരിക്കുന്നതിന് വേണ്ട ക്രമീകണങ്ങൾ ചെയ്ത് വരുന്നു

## പ്രാർത്ഥനയോഗ നിധി

ഇടവക മെത്രാപ്പോലീത്ത അഭി.സഖറിയ മാർ സേവേറിയോസ് തിരുമനസ്സുകൊണ്ട് ഇടുക്കി ഭദ്രാസനത്തിൽ നടപ്പിലാക്കുന്ന നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനയോഗം അംഗങ്ങളുടെ കൈത്താങ്ങൽ എന്ന നിലയിൽ തുടക്കം കുറിച്ച പ്രാർത്ഥനയോഗനിധി ശേഖരണത്തിൽ എല്ലാ ഇടവകകളുടെയും ആത്മാർത്ഥമായ സഹകരണത്തോടെ 2,00,480 രൂപ ശേഖരിക്കുവാനും, ആ തുക പൂർണ്ണമായി അഭി. തിരുമനസ്സിനെഏൽപ്പിക്കുവാനും സാധിച്ചു.

## കിടപ്പു രോഗികളുടെ സന്ദർശനം

സാമീപ്യം പരിപാടിയുടെ ഭാഗമായി വന്ദ്യ വയോധികരേയും, കിടപ്പു രോഗികളേയും ഇടവക പ്രാർഥനയോഗങ്ങളുടെ ചുമതലയിൽ സന്ദർശിച്ചു വരുന്നു.

## ജീവകാരുണ്യം

പഠനസഹായം, ചികിത്സാ സഹായം, സ്വയം സഹായം, കിടപ്പുരോഗികൾക്ക് വാട്ടർ ബെഡ്, എയർബെഡ്, ഓക്സിജൻ സിലിണ്ടർ മുതലായ അത്യാവശ്യ സഹായങ്ങൾ സുമനസ്സുകളുടെ സഹായത്തോടെ നൽകുവാൻ സാധിച്ചിട്ടുണ്ട്.

## അനുമോദനം

ഈ വർഷം പൗരോഹിത്യ ശുശ്രൂഷയിലേയ്ക്ക് പ്രവേശിച്ച ബഹു. ജോസഫ് ജോൺ അച്ചനോടും, ബഹു. മാത്യു തോമസ് ശെമ്മാശ്ശനോടും, സാമൂഹിക സാംസ്കാരിക, മേഖലകളിൽ ഉന്നത സ്ഥാനങ്ങൾ കരസ്ഥമാക്കിയവരോടും വിദ്യാഭ്യാസ മേഖലയിൽ അഭിമാനകരമായ വിജയം കരസ്ഥമാക്കിയ സഹോദരങ്ങളോടും പ്രാർത്ഥനാപൂർവ്വമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## അനുശോചനം

മലങ്കര സഭാ ഗുരുരത്നം റവ. ഫാ. ഡോ. റ്റി. ജെ. ജോഷ്വാ അച്ചന്റെയും, ദൈവസന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ട എല്ലാ വൈദികശ്രേഷ്ഠരുടേയും, അത്മായ സഹോദരങ്ങളുടേയും വേർപാടിൽ ഇടുക്കി ഭദ്രാസനപ്രാർത്ഥനയോഗത്തിന്റെ അനുശോചനം രേഖപ്പെടുത്തുന്നു.

**കൃതജ്ഞത**

സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയോടും, ഇടവക മെത്രാപ്പോലീത്ത അഭി. സഖറിയ മാർ സേവേറിയോസ് തിരുമനസ്സിനോടും, അഖില മലങ്കരപ്രാർത്ഥനയോഗം പ്രസിഡന്റ് അഭി. മാത്യുസ് മാർ തേവോദോസിയോസ് തിരുമനസിനോടം പരി. സുന്നഹദോസിനോടും ഉള്ള ഭക്ത്യാദരവുകൾ രേഖപ്പെടുത്തി കൊണ്ടും, വന്ദ്യ വൈദീക ശ്രേഷ്ഠർ, പ്രാർത്ഥനയോഗം കേന്ദ്ര, ഭദ്രാസന, ഇടവക തല ഭാരവാഹികൾ, കർമ്മോത്സുകരായ പ്രവർത്തകർ എല്ലാവരോടുമുള്ള നിസീമമായ നന്ദി അറിയിച്ചുകൊണ്ടും പരി. ദൈവമാതാവിന്റെയും എല്ലാ പരിശുദ്ധമാരുടെയും മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ടും നിങ്ങൾ ഏവരുടെയും അറിവിനും അംഗികാരത്തിനുമായി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

ജനറൽ സെക്രട്ടറി
ജയൻ കുരുവിള വട്ടമല

**PRAYER GROUP**

**IDUKKI DIOCESE, CHAKKUPALLAM P O, KUMILY -685 509**

**RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31/03/2025**

| | Receipts | Amount | | Payments | Amount |
|---|---|---|---|---|---|
| To | **Opening Balance** | | By | Annual Meeting - Diocese | 33175.00 |
| " | Cash in Hand | 6683.00 | " | Annual Meeting - Centre | 4000.00 |
| " | Cash at Bank | 0.00 | " | Leadership Camp | 10640.00 |
| | | | " | Prayer Week | 3500.00 |
| " | Grant from Diocese | 25000.00 | " | Pilgrimage | 40190.00 |
| " | Unit Registration | 14000.00 | " | Yeldo Meet | 6340.00 |
| " | Prayer Group Nidhi | 200480.00 | " | Education Aid | 3000.00 |
| " | Donations Received | 43500.00 | " | Medical Aid | 5500.00 |
| " | **Pilgrimage to Khabar of Barnabas Thirumeni** | 41000.00 | " | Charity Paid | 5000.00 |
| | | | " | Karunabhavan | 5000.00 |
| | | | " | Printing & Stationery | 6000.00 |
| | | | " | Prayer Group Nidhi | 200480.00 |
| | | | " | Miscellaneous Expenses | 600.00 |
| | | | " | Travelling Allowance | 4700.00 |
| | | | " | Moonu Nompu Fasting | 2500.00 |
| | | | " | **Closing Balance** | |
| | | | " | Cash in Hand | 38.00 |
| | | | " | Cash at Bank | 0.00 |
| | **Total** | **330663.00** | | **Total** | **330663.00** |

# 2. മർത്തമറിയം വനിതാസമാജം

**<u>സ്മരണാഞ്ജലി</u>**

2024–25 വർഷത്തിൽ വാങ്ങിപ്പോയ സഭാഗുരു രത്നം റ്റി. ജെ ജോഷ്വാ അച്ചൻ, വൈദീക ശ്രേഷ്ഠർ, അഖില മലങ്കര മർത്തമറിയം വനിതാ സമാജത്തിന്റെ മുൻ ജോയിന്റ് സെക്രട്ടറി മറിയാമ്മ ചാക്കോ, ഇടുക്കി മെത്രാസനത്തിലെ മുൻ ഭദ്രാസന സെക്രട്ടറി ശോശാമ്മ മാത്യൂ വരയന്നൂർ, മുൻ യൂണിറ്റ് സെക്രട്ടറിമാർ, പ്രവർത്തകർ ഇവരെ സ്മരിച്ചുകൊണ്ട് റിപ്പോർട്ട് അവതരിപ്പിക്കട്ടെ.

2014 മെയ് 18 - ന് തേക്കടി സെന്റ് ജോർജ്ജ് വലിയപള്ളിയിൽ വച്ച് മർത്തമറിയം സമാജത്തിന്റെയും നവജ്യോതി മോംസിന്റെയും സംയുക്ത വാർഷികം നടത്തി. അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനി അധ്യക്ഷത വഹിച്ചു. അഖില മലങ്കര മർത്തമറിയം സമാജത്തിന്റെ പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് തിരുമേനി ഉത്ഘാടനം നടത്തി. ഭദ്രാസന സെക്രട്ടറി ബിജു ആൻഡ്രൂസ് അച്ചനും മറ്റ് വൈദീകശ്രേഷ്ഠരും സിസ്റ്റേഴ്സും സമ്മേളത്തിൽ പങ്കെടുത്തു. അടൂർ മൗണ്ട് സീയോൻ മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗത്തിലെ അസ്സി. പ്രൊഫസർ ശ്രീമതി. ജോമി ലിനു ക്ലാസ്സെടുത്തു. നവജ്യോതി മോംസിന്റെ ഡയറക്ടർ ഡോ. സിബി തരകൻ നവജ്യോതി പ്രവത്തനങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. ശ്രീമതി ശ്യാമള വിശ്വനാഥൻ സ്വയം തൊഴിൽ അന്വേഷകർക്കായും ക്ലാസ്സെടുത്തു.

**<u>മത്സര പരീക്ഷ</u>**

2023 -ലെ മത്സര പരീക്ഷയിൽ കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച വലിയ പള്ളിക്കുള്ള ട്രോഫി സെന്റ് ജോർജ്ജ് വലിയപള്ളി നെറ്റിത്തൊഴുവിനും ചെറിയ പള്ളിക്കുള്ള ട്രോഫി സെന്റ് തോമസ് ഉപ്പുതറയ്ക്കും ലഭിച്ചു. പരീക്ഷ എഴുതിയ ഏറ്റവും പ്രായംകൂടിയ (90 വയസ്സ്) അംഗം ശ്രീമതി മറിയാമ്മ മർക്കോസിന് ക്യാഷ് അവാർഡ് നൽകി ആദരിച്ചു. പഴയ സെമിനാരിയിലെ മത്സരത്തിൽ പങ്കെടുത്ത് സൂപ്പർ സീനിയർ വിഭാഗത്തിൽ മൂന്നാം സ്ഥാനം ലഭിച്ച ശ്രീമതി വത്സമ്മ ഫിലിപ്പോസിനെ(നെറ്റിത്തൊഴു) ആദരിച്ചു.

മേഴ്സി ജേക്കബ് എൻഡോവ്മെന്റ് വിദ്യാഭ്യാസ സഹായം വണ്ടിപ്പെരിയാർ സെന്റ് മേരീസ് പള്ളിയിലെ ഒരു നേഴ്സിംഗ് വിദ്യാർത്ഥിക്കു നൽകി. സമാജത്തിന്റെ മുൻ വൈസ് പ്രസിഡന്റും തേക്കടി സെന്റ് ജോർജ്ജ് പള്ളി വികാരിയുമായ ബ. കുറിയാക്കോസ് വർഗീസ് അച്ചൻ, മോംസിന്റെ ഭദ്രാസന ഡയറക്ടർ റോയി കിഴക്കേക്കര എന്നിവർ സമ്മേളനത്തിന് ആശംസകൾ അറിയിച്ചു. സമാജത്തിന്റെ സെക്രട്ടറിയും മേംസിന്റെ അനിമേറ്ററും റിപ്പോർട്ടുകൾ വായിച്ചു. വൈസ് പ്രസിഡന്റ് 2024–25 വർഷത്തെ പ്രവർത്തനരേഖ അവതരിപ്പിച്ചു.

**<u>ലീഡേഴ്സ് ക്യാമ്പ്</u>**

2024 ഏപ്രിൽ 19, 20 തീയതികളിൽ തുമ്പമൺ ഭദ്രാസനത്തിലെ കോന്നി എലിയറക്കൽ രാജനച്ചൻ ഫൗണ്ടേഷനിൽ സമീക്ഷ 2024 നടത്തപ്പെട്ടു. 7 പേർ പങ്കെടുത്തു.

**<u>സമാജദിനാഘോഷം</u>**

03-08-2024 ൽ സെന്റ് ഗ്രീഗോറിയോസ് കരുണാഭവനിൽ വച്ച് നടത്തി. അഖില മലങ്കരയിൽ നിന്ന് നിർദേശിച്ചിട്ടുള്ള അഗസ്റ്റ് മാസത്തെ പ്രവർത്തനമായ 'അമ്മയ്ക്കൊപ്പം' പരിപാടിയുടെ മെത്രാസനതല ഉത്ഘാടനം നടത്തി. ഒരു ലക്ഷം രൂപ പള്ളിക്കുന്ന് സെന്റ് ജോർജ്ജ് പള്ളിയിലെ മർത്തമറിയം സമാജാംഗത്തിന്റെ ഭവനം പണിപൂർത്തികരിക്കുന്നതിനായി ചെക്ക് അഭി. തിരുമേനിയെ ഏൽപ്പിച്ചു. കരുണാഭവനിലേക്ക് ഒരു സംഭാവനയും നൽകി.

പ. ബാവാതിരുമേനിയുടെ കല്പനപ്രകാരം മർത്തമറിയം സമാജം ശേഖരിച്ച് കൊടുക്കേണ്ട 'ഒരു തരി പൊന്ന്' വിവാഹ സഹായ സംഭാവനകൂപ്പണിന്റെ ഭദ്രാസനതല ഉദ്ഘാടനവും നടത്തി. കൂപ്പൺ വിതരണത്തിൽ ആത്മാർത്ഥമായി സഹകരിച്ച വികാരി അച്ചന്മാരോടും സമാജപ്രവർത്തകരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദിയും അറിയിക്കുന്നു. 8 പേർക്ക് ഒരു ലക്ഷം രൂപ വച്ച് വാങ്ങി നൽകുന്നതിന് സാധിച്ചു.

**<u>അഖില മലങ്കര വാർഷിക കോൺഫറൻസ്</u>**

2024 ഒക്ടോബർ 12, 13, 14 തീയതികളിൽ ഭിലായ് ക്രിസ്ത്യൻ കോളേജ് ഓഫ് എൻജിനീയറിംഗിൽ വച്ച് നടത്തപ്പെട്ടു. 7 പേർ പങ്കെടുത്തു.

**<u>മത്സര പരീക്ഷ</u>**

ഈ വർഷത്തെ പരീക്ഷ നവംബർ 17–ാം തീയതി നടത്തി. അഞ്ച് വിഭാഗങ്ങളിലായിട്ട് 164 പേർ പരീക്ഷ എഴുതി. 22 പള്ളികളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന പള്ളികൾക്കും ചെറിയ പള്ളികൾക്കും ട്രോഫി നൽകുന്നു. ഈ വർഷത്തെ വലിയപള്ളിക്കുള്ള ശ്രീമതി മേഴ്സി ജേക്കബ് സ്പോൺസർ ചെയ്ത ട്രോഫി താബോർ സെന്റ് ജോർജ്ജ് പള്ളിക്കും അഭി. തിരുമേനി

സ്പോൺസർ ചെയ്തിട്ടുള്ള ചെറിയ പള്ളിക്കുള്ള ട്രോഫി കൊടികുത്തി സെന്റ് ഡയനീഷ്യസ് ഓർത്ത ഡോക്സ് പള്ളിക്കും ഏതാനും പോയിന്റുകളുടെ വ്യത്യാസത്തിൽ ട്രോഫി നഷ്ടമായ ആലംപള്ളി സെന്റ് സ്റ്റീഫൻസ് പള്ളിക്കും പ്രോത്സാഹനസമ്മാനം നൽകി. പരീക്ഷയിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്കും സൂപ്പർസീനിയർ വിഭാഗത്തിൽ പരീക്ഷ എഴുതിയ എല്ലാവർക്കും പാരിതോഷികം നൽകി.

## ഓർമ്മപ്പെരുന്നാൾ

ഭാഗ്യസ്മരണാർഹനായ ബർന്നബാസ് തിരുമേനിയുടെ 12-ാമത് ഓർമ്മപ്പെരുന്നാളിന് നേർച്ചകാഴ്ച്ച കളോടെ വളയംചിറങ്ങരയിലും ഗത്സിമോൻ അരമനയിലും സമാജാംഗങ്ങൾ പങ്കെടുത്തു. കുർബ്ബാനയ്ക്കു ശേഷം അഭി. ബർന്നബാസ് തിരുമേനി എൻഡോവ്മെന്റിന്റെ പലിശ 3 പേർക്ക് ചികിത്സാ സഹായമായി നൽകി. പ്രാർത്ഥനായോഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ യൽദോ മീറ്റിലും കർമ്മേൽ മീറ്റിലും സമാജാംഗങ്ങൾ പങ്കെടുത്തു.

## തീർത്ഥാടനം

29.04.2024-ൽ സമാജപ്രവർത്തകർ തിരുവിതാംകോട് അരപള്ളി, കന്യാകുമാരി, തിരുവനന്തപുരം ശ്രീ. പത്മനാഭ സ്വാമി കൊട്ടാരം എന്നിവ കണ്ടു. 9.12.24-ൽ സമാജാംഗങ്ങൾ എറണാകുളം ഫോർട്ട് കൊച്ചി, മട്ടാഞ്ചേരിയിയിലെ കൂനൻകുരിശ് പള്ളി എന്നിവിടങ്ങൾ സന്ദർശിച്ചു. ഡിസംബർ 9-ന് ബർന്നബാസ് തിരു മേനിയുടെ ഓർമ്മപ്പെരുന്നാളിലും സംബന്ധിച്ചു.

## ഓരോ മാസത്തേയും പ്രവർത്തനങ്ങൾ

അഖില മലങ്കര മർത്തമറിയം സമാജം ഓരോ മാസവും ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവർത്ത നങ്ങൾ ഓരോ യൂണിറ്റിലും നടത്തി റിപ്പോർട്ട് തന്നതിന്റെ അടിസ്ഥാനത്തിൽ സെന്റ് മേരീസ് കമ്പംമെട്ടാണ് ഏറ്റവും കൂടുതൽ പോയിന്റ് നേടിയത്. ഈ വർഷത്തെ ബെസ്റ്റ് സമാജത്തിനുള്ള റെയ്ച്ചൽ മെമ്മോറിയൽ ട്രോഫി കമ്പംമെട്ട് സെന്റ് മേരീസിന് ലഭിച്ചു.

## കലാമത്സരം

ഭദ്രാസനകലാമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ ലഭിച്ച് ഒന്നും രണ്ടും സ്ഥാനത്ത് എത്തിയ പള്ളികൾക്ക് ട്രോഫി നൽകി. സെന്റ് തോമസ് കുങ്കിരിപ്പെട്ടിയും, താബോർ സെന്റ് ജോർജ്ജ് നെ റ്റിത്തൊഴുവുമാണ് ഒന്നാം സ്ഥാനത്ത് എത്തിയ പള്ളികൾ. സെന്റ് ജോർജ്ജ് തേക്കടി രണ്ടാം സ്ഥാനത്തിന് അർഹമായി.

## വിവാഹധനസഹായം

'സഹോദരിക്ക് ഒരു തരി പൊന്ന്' വിവാഹ ധനസഹായം ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നിന്നുള്ള 8 പേർക്ക് ഓരോ ലക്ഷം രൂപ ലഭിച്ചു. ഒരു വ്യക്തിയിൽ നിന്നുള്ള വിവാഹധനസഹായവും ഒരംഗത്തിന്റെ മകൾക്ക് ലഭിച്ചു. പ. ബാവാ തിരുമേനിയുടെ ഈ സംഭാവനകൂപ്പൺ മർത്തമറിയം സമാജം പിരിച്ചുകൊടുക്കേണ്ടതായിരുന്നു. ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപാ വിവിധ പള്ളികളുടെ സഹായത്തോടെ പിരിച്ചു നൽകുവാൻ കഴിഞ്ഞു.

## വിദ്യാഭ്യാസ സഹായം

Certified Management Accountancy പഠിക്കുന്ന St. Mary's Ayyappancovil ലെ ഒരു കുട്ടിക്കും ബിഫാമിന് പഠിക്കുന്ന നെറ്റിത്തൊഴു താബോർ സെന്റ് ജോർജ് വലിയപള്ളിയിലെ ഒരു കുട്ടിക്കും, സെന്റ് തോമസ് പീരുമേട്ടിലെ കാഴ്ചപരിമിതിയുള്ള ഒരു കുട്ടിക്കും, പള്ളിക്കുന്ന് സെന്റ് ജോർജ്ജ് പള്ളിയിലെ ഒരു വിദ്യാർത്ഥിക്കും വണ്ടിപ്പെരിയാർ സെന്റ് മേരീസിലെ ഒരു നേഴ്സിംഗ് വിദ്യാർത്ഥിക്കും വിദ്യാഭ്യാസ സഹായം നൽകുവാൻ സാധിച്ചു. ഈ സഹായങ്ങൾ നൽകുന്നതിന് സംഭാവനകൾ തന്ന് സഹായിച്ച എല്ലാ വരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

## കമ്മറ്റി മീറ്റിംഗ്

ഒൻപത് കമ്മറ്റി മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. ഓൺ ലൈൻ മീറ്റിംഗുകളാണ് അധികവും കൂടിയിട്ടുള്ളത്.

*മീറ്റിംഗുകൾ*

യൂണിറ്റ് സെക്രട്ടറിമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി വേണ്ട നിർദേശങ്ങൾ നൽകുന്നു. 08.06.2024 -ൽ അഭി. തിരു മേനി വിളിച്ചുകൂട്ടിയ വിധവമാരുടെ മീറ്റിംഗിലും സംരംഭകർക്കായുള്ള ശിൽപ്പശാലയിലും സമാജാംഗങ്ങൾ പങ്കെടുത്തു. 2024 ജനുവരി 24-ന് കരുണാഭവനിൽ വച്ച് നടത്തിയ മർത്തമറിയം വനിതാസമാജത്തിന്റെ മുൻകാല പ്രവർത്തകരുടെ സംഗമത്തിൽ 80 പേർ പങ്കെടുത്തു. മുൻ വൈസ്പ്രസിഡന്റുമാരെ ആദരിച്ചു. കരുണാഭവനിലെ അന്തേവാസികൾക്ക് ജീവകാരുണ്യ സംഭാവന നൽകി. വണ്ടിപ്പെരിയാർ ഇടവകയിലെ പ്രായമായ ഒരംഗത്തിന് ജീവകാരുണ്യ സംഭാവനയും നൽകി.

## ചൈതന്യാക്യാമ്പ്

2025 ജനുവരി 10,11,12 തീയതികളിൽ കോട്ടയം കേന്ദ്ര ഓഫീസിൽ വച്ച് 18നും 35 നും ഇടയിൽ പ്രായമുള്ള സ്ത്രീകളെ ഈ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവരുന്നതിന് അഖില മലങ്കര മർത്തമറിയം സമാജം സംഘടി പ്പിച്ച ക്യാമ്പിൽ ഭദ്രാസനത്തിൽ നിന്നും 7 പേർ പങ്കെടുത്തു.

**ഉപസംഹാരം**

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവായോടും, സമാജത്തിന്റെ അഖില മലങ്കര പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് തിരുമേനിയോടും, മെത്രാസന മെത്രാപ്പോലീത്താ അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനിയോടും അഖില മലങ്കര ജനറൽ സെക്രട്ടറി പ്രൊഫ. മേരി മാത്യൂ, വൈസ് പ്രസിഡന്റ് ഫാ. ഫിലിപ്പ് തരകൻ, മെത്രാസന വൈസ് പ്രസിഡന്റ് ഫാ. ജേക്കബ് വർഗ്ഗീസ്, മറ്റ് എല്ലാ വൈദീക ശ്രേഷ്ഠരോടും സംഭാവനകൾ തന്ന് സഹകരിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. ദൈവമാതാവിന്റെയും വിശുദ്ധ തോമാശ്ലീഹായുടെയും സകല പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് പ്രാർത്ഥനയോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

മേഴ്സി ജേക്കബ്
സെക്രട്ടറി

## MARTHA MARIYAM VANITHA SAMAJAM

### IDUKKI DIOCESE, CHAKKUPALLAM P O, KUMILY -685 509

### RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31/03/2025

| | Receipts | Amount | | Payments | Amount |
|---|---|---|---|---|---|
| To | **Opening Balance** | | By | Charity Paid | 225600.00 |
| " | Cash in Hand | 1680.00 | " | Unit Collection | 700.00 |
| " | Cash at Union Bank | 29264.00 | " | Cover Collection | 9300.00 |
| " | Endowment - A/c 401803020000282 | 250000.00 | " | Printing & Stationery | 1798.00 |
| " | Endowment - A/c 401803030002601 | 50000.00 | " | Annual Meeting | 25060.00 |
| | | | " | Postage & Courier | 427.00 |
| " | Grant from Diocese | 25000.00 | " | Miscellaneous Expenses | 1550.00 |
| " | Charity | 200640.00 | " | Bank Charges | 5.61 |
| " | Unit Collection | 4900.00 | " | Education Aid | 62000.00 |
| " | Cover Collection | 48450.00 | " | **Marriage Aid ( Oru Thari Ponnu, Project)** | 135000.00 |
| " | Donations Received | 28000.00 | " | Travelling Allowance | 3450.00 |
| " | Bank Interest Received | 1300.00 | " | Fasting, Pilgrimage | 1000.00 |
| " | Interest for Endowment | 23935.00 | " | Training Camp | 9045.00 |
| " | Offertory | 3425.00 | " | Kala Mela | 2620.00 |
| " | Education Aid Received | 40000.00 | " | Competitive Exam | 3900.00 |
| " | **Marriage Aid ( Oru Thari Ponnu, Project)** | 135000.00 | | | |
| | | | " | **Closing Balance** | |
| | | | " | Cash in Hand | 1330.00 |
| | | | " | Cash at Union Bank | 58808.39 |
| | | | " | Endowment - A/c 401803020000282 | 250000.00 |
| | | | " | Endowment - A/c 401803030002601 | 50000.00 |
| | Total | 841594.00 | | Total | 841594.00 |

## 3. സൺഡേസ്കൂൾ

**പ്രവർത്തന രീതി**

ഈ വർഷം ഓഫ് ലൈനായിട്ടാണ് സൺഡേസ്കൂൾ ക്ലാസുകൾ നടത്തിയത്.

**ഒ.വി.ബി.എസ്**

ഈ വർഷത്തെ ഒ.വി.ബി.എസ് ഗാനപരിശീലനം 2025 മാർച്ച് 25-ന് അയ്യപ്പൻകോവിൽ സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് നടത്തി. 22 യൂണിറ്റുകളിൽ ഒ.വി.ബി.എസ് നടന്നു.

**ഭദ്രാസന മീറ്റിംഗുകൾ**

ഓൺലൈനായും ഓഫ് ലൈനായും മീറ്റിംഗുകൾ നടന്നു. അഭി. തിരുമേനിയും വൈസ്പ്രസിഡന്റ് അച്ചനും യോഗങ്ങളിൽ പങ്കെടുത്തിരുന്നു. ഈ മീറ്റിംഗുകളിലെ തീരുമാനപ്രകാരമാണ് പ്രവർത്തനങ്ങൾ നടന്നിരുന്നത്.

**അർദ്ധവാർഷിക പരീക്ഷ**

ജൂൺ 23നു നടത്തപ്പെട്ടു. 1 മുതൽ 4 വരെയുള്ള ക്ലാസുകൾക്ക് വാചാപരീക്ഷയും 5 മുതൽ 9 വരെയുള്ള ക്ലാസുകൾക്ക് ഓഫ് ലൈനായോ, ഓൺലൈനായോ പരീക്ഷയും എഴുതുന്നതിനും 10, 11,12 ക്ലാസുകൾക്ക് കൃത്യമായ കേന്ദ്രനിർദേശപ്രകാരവും നടത്തി.

**ഡിസ്ട്രിക്ട് സമ്മേളനങ്ങൾ**

കട്ടപ്പന ഡിസ്ട്രിക്ട് സമ്മേളനം കട്ടപ്പന സെന്റ് മേരീസ് പള്ളിയിലും, ഏലപ്പാറ ഡിസ്ട്രിക്ട് സമ്മേളനം ആലംപള്ളി സെന്റ് സ്റ്റീഫൻസ് പള്ളിയിലും നെറ്റിത്തൊഴു ഡിസ്ട്രിക്ട് സമ്മേളനം നെറ്റിത്തൊഴു താബോർ സെന്റ് ജോർജ്ജ് വലിയപള്ളിയിലും, തേക്കടി ഡിസ്ട്രിക്ട് സമ്മേളനം കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രലിലും നടത്തി.

**സഹപാഠ്യമത്സരങ്ങൾ**

എല്ലാ യൂണിറ്റിലും ആഗസ്റ്റ് 4 നും എല്ലാ ഡിസ്ട്രിക്ടിലും സെപ്റ്റംബർ 14-നും നടത്തി. ഭദ്രാസനമത്സരം ഒക്ടോബർ 14-ന് നെറ്റിത്തൊഴു സെന്റ് ജോർജ്ജ് വലിയപള്ളിയിൽ വച്ച് നടത്തി. ഭദ്രാസനമത്സരത്തിൽ നരിയമ്പാറ സെന്റ് മേരീസ് സൺഡേസ്കൂൾ ഒന്നാം സ്ഥാനവും കുങ്കരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രൽ രണ്ടാം സ്ഥാനവും നേടി.

**സെൻട്രൽ സോൺ കലാമത്സരം**

സോണൽ മത്സരത്തിൽ നമ്മുടെ ഭദ്രാസനം 24 പോയിന്റുകളോടെ ശ്രദ്ധേയമായ സ്ഥാനം പിടിച്ചു. സോണൽ മത്സരത്തിൽ കട്ടപ്പന ഡിസ്ട്രിക്ട് ഏറ്റവും കൂടുതൽ പോയിന്റ് നേടി. പള്ളികളിൽ നരിയമ്പാറ സെന്റ് മേരീസ് പള്ളി ഏറ്റവും കൂടുതൽ പോയിന്റ് നേടി.

**സെൻട്രൽ സോൺ മത്സര വിജയികൾ**

| | |
|---|---|
| ജൂണിയർ സംഗീതം രണ്ടാം സ്ഥാനം | : നിഹാൽ നിഷാദ് (നരിയമ്പാറ സെന്റ് മേരീസ്) |
| സീനിയർ പൊതുവിജ്ഞാനം ഒന്നാം സ്ഥാനം | : ഹെലൻ മരിയ ജോർജ്ജ് (നരിയമ്പാറ സെന്റ് മേരീസ്) |
| സീനിയർ സമൂഹഗാനം ഒന്നാം സ്ഥാനം | : നിയാ സാബു, മീവൽ നിഷാദ്, ഡെൽന സിബു (നരിയമ്പാറ സെന്റ് മേരീസ്) |
| സീനിയർ സമുഹഗാനം രണ്ടാം സ്ഥാനം | : ആൻമരിയ പ്രിൻസ്, റിയാ ഷിബു, ആൻസാറാ വിൻസെന്റ് (സെന്റ് മേരീസ്, അയ്യപ്പൻകോവിൽ) |
| സീനിയർ പ്രസംഗം ഒന്നാം സ്ഥാനം | : ഡോണാ ആൻ തോമസ് (സെന്റ് തോമസ് കത്തീഡ്രൽ കുങ്കിരിപ്പെട്ടി) |
| ഹയർസെക്കണ്ടറി പ്രസംഗം രണ്ടാം സ്ഥാനം | : ഡിയോൺ ജേക്കബ് കുര്യൻ (സെന്റ് മേരീസ് നരിയമ്പാറ) |

**മാത്യൂസ് മാർ ബർന്നബാസ് മെമ്മോറിയൽ ഫണ്ട്**

കട്ടപ്പന A.S.T.C.S ഫിക്സഡ് ഡിപ്പോസിറ്റായി ഒരു ലക്ഷം രൂപ ഇട്ടിരിക്കുന്നു. 117/-രൂപാ SB അക്കൗണ്ടിലുമുണ്ട്.

**ഭദ്രാസന അദ്ധ്യാപക സംഗമം**

സെപ്റ്റംബർ മാസം 21-ന് രാവിലെ 9 മണിമുതൽ കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രലിൽ നടത്തപ്പെട്ടു. അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനി യോഗം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് റവ. ഫാ. കുര്യാക്കോസ് വർഗ്ഗീസ് അദ്ധ്യക്ഷനായിരുന്നു. റവ. ഫാ. ഡോ. റെജി മാത്യൂ ക്ലാസ്സെടുത്തു. റവ. ഫാ. മഹേഷ് പോൾ, റവ. ഫാ. ബിജു ആൻഡ്രൂസ്, റവ. ഫാ. ജോർജ്ജ് വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

**ഉപസംഹാരം**

സൺഡേ സ്കൂൾ പ്രവർത്തനം ഭംഗിയായി നടത്തുവാൻ സഹായിക്കുന്ന പരമകാരുണ്യവാനായ ദൈവത്തെ സ്തുതിക്കുന്നു. സാന്നിദ്ധ്യംകൊണ്ടും നേതൃത്വം കൊണ്ടും എപ്പോഴും നയിക്കുന്ന അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനിയോടുള്ള ഭക്തി ആദരവുകൾ സവിനയം സമർപ്പിക്കുന്നു. സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് തിരുമേനിയോടും വന്ദ്യ ഡയറക്ടർ അച്ചനോടും വൈസ്പ്രസിഡന്റ് കുര്യാക്കോസ് വർഗ്ഗീസ് അച്ചനോടും മറ്റ് വൈദീക ശ്രേഷ്ഠരോടും പ്രസിഡന്റ് അച്ചന്മാരോടും, ഭദ്രാസനസെക്രട്ടറി, ഇൻസ്പെക്ടറുമാർ, സെക്രട്ടറിമാർ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരോടുള്ള നന്ദി അറിയിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കട്ടെ.

സി. കെ ജേക്കബ് കൊച്ചേരിൽ
ഭദ്രാസന ഡയറക്ടർ

**ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST (OSSAE)**
**IDUKKI DIOCESE, CHAKKUPALLAM P O, KUMILY -685 509**
**RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31/03/2025**

| | Receipts | Amount | | Payments | Amount |
|---|---|---|---|---|---|
| To | **Opening Balance** | | By | Travelling Allowance | 14000.00 |
| " | Cash in Hand | 619.00 | " | Notice Expenses | 2000.00 |
| " | Cash at Bank | 117.00 | " | Pen & Writing Pad | 1800.00 |
| " | Mathews Mar Barnabas Fund | 100000.00 | " | Cash Awards | 5000.00 |
| | | | " | Miscellaneous Expenses | 2600.00 |
| " | Grant from Centre (2023-24) | 13564.00 | " | Printing & Stationery | 2500.00 |
| " | Charity Received - Centre (2023-24) | 1490.00 | " | Gifts | 7700.00 |
| " | Grant from Diocese | 25000.00 | " | Journal, Dairy etc | 3000.00 |
| " | Grant for Practice - Centre | 1500.00 | " | Election Expenses | 2000.00 |
| " | Interest for FD | 10420.00 | " | Song Practice, Parumala | 2000.00 |
| " | Grant from Centre (2024-25) | 15216.00 | " | Charity - Scholarship 3 Nos | 3000.00 |
| " | Charity Received - Centre (2024-25) | 2541.00 | " | District Competition | 1500.00 |
| | | | " | Sonal Competition | 3000.00 |
| | | | " | E Grant Paid | 20000.00 |
| | | | " | **Closing Balance** | |
| | | | " | Cash in Hand | 250.00 |
| | | | " | Cash at Bank | 117.00 |
| | | | " | Mathews Mar Barnabas Fund | 100000.00 |
| | **Total** | **170467.00** | | **Total** | **170467.00** |

# 4. യുവജനപ്രസ്ഥാനം

അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനിയുടെ അനുഗ്രഹാശിസുകളോടെ 2023-24 വർഷത്തിൽ റവ. ഫാ. ജസ്വിൻ ചാക്കോ വൈസ് പ്രസിഡന്റായും ഡിസ്ട്രിക് പ്രസിഡന്റുമാരായി റവ ഫാ. ജേക്കബ് മർക്കോസ്, റവ ഫാ. എബി വർഗ്ഗീസ്, റവ ഫാ. സാജൻ സ്കറിയാ, റവ. ഫാ. നിതിൻ മാത്യൂ എന്നിവരും ശ്രീ. തോമസ് ഫിലിപ്പ് ഭദ്രാസന ജനറൽ സെക്രട്ടറിയായും ശ്രീമതി. ബ്ലസ്സി ജോബിൻ, ശ്രീ. റ്റിനു തമ്പി എന്നിവർ ജോ-സെക്രട്ടറിമാരായും, ശ്രീ. നിഖിൽ യോഹന്നാൻ, ശ്രീ. മനു ബാബു, കുമാരി അക്സാ ജോൺ എന്നിവർ കേന്ദ്ര ജനറൽ അസംബ്ലി അംഗങ്ങളായും, ശ്രീ. റോജി മാത്യൂ, ശ്രീ. സോനു കുര്യാക്കോസ് എന്നിവർ മേഖല സെക്രട്ടറിമാരായും ശ്രീ. പ്രദീപ് ചിറക്കൽകുടി, ശ്രീ.സന്തോഷ് ബാബു, ശ്രീ. ജോസ് വർഗ്ഗീസ്. ശ്രീ. ജെൽസൺ ജോൺ എന്നിവർ ഡിസ്ട്രിക് ഓർഗനൈസറുമാരായും, ശ്രീ. ജോയ്സ് കോര, കുമാരി. അലീനാ ബിജു. ശ്രീ. ബിന്റോ ബാബു, കുമാരി എമിലി തോമസ് എന്നീവർ ഡിസ്ട്രിക്ട് പ്രതിനിധികളായും, ട്രഷററായി അജു ജേക്കബും, ഭദ്രാസന ഓഡിറ്റേഴ്സായി ശ്രീ. ജെസ്റ്റിൻ സ്കറിയ, കുമാരി സനിറ്റാമോൾ കോര എന്നിവരും ഭദ്രാസനതലത്തിൽ പ്രവർത്തിക്കുന്നു. മെത്രാസനഭാരവാഹികളുടെ യോഗം അരമനയിലും വിവിധ പള്ളികളിലും ഓൺലൈനായും കൂടുകയും വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ ചെയ്യുകയും സഭാപരമായും സാമൂഹികപരമായുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. ഇടവകതലത്തിൽ വികാരിമാരുടെ നേതൃത്വത്തിൽ യൂണിറ്റുതല പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു.

**കേന്ദ്രതല ഭാരവാഹികൾ**

ഭദ്രാസനത്തിൽ നിന്ന് കേന്ദ്രകമ്മറ്റിയംഗമായി ശ്രീ. അജു ജേക്കബും റീജിയണൽ സെക്രട്ടറിയായി സിജോ എവറസ്റ്റും പ്രവർത്തിക്കുന്നു.

**സീനിയർ ഫോറം**

യുവജനപ്രസ്ഥാനത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഒപ്പം നിന്ന് കരുത്തുപകരുന്ന മുൻകാലപ്രവർത്തകരുടെ സാന്നിദ്ധ്യം പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും കരുത്തുപകരുന്നു. സീനിയർ ഫോറത്തിന്റെ സെക്രട്ടറിയായി ശ്രീ. ജയൻ കുരുവിള, മേഖല സെക്രട്ടറിമാരായി ശ്രീ. ബിനോയി കുര്യാക്കോസ്, ശ്രീ. മോൻസി മഠത്തിൽ എന്നിവരും, ഡിസ്ട്രിക് സെക്രട്ടറിമാരായി ശ്രീ. ഡെജി വർഗ്ഗീസ്, ശ്രീ. ബിജു കെ. വർഗ്ഗീസ്, ശ്രീ. റോയി കിഴക്കേക്കര, ശ്രീ.തോമസ് കോതപള്ളി എന്നിവരും പ്രവർത്തിക്കുന്നു.

**2024 വാർഷിക സമ്മേളനം**

2023-24 വാർഷിക സമ്മേളനം മെയ് മാസം 26-ാം തീയതി മുണ്ടിയെരുമ സെന്റ് മേരീസ് ദേവാലയത്തിൽ ഇടവകമെത്രാപ്പോലീത്താ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. സമ്മേളനം പീരുമേട് സെന്റ് തോമസ് ഇടവകാംഗം കുമാരി പ്രിയാ മാത്യൂ, ഉപ്പുകുന്ന് സെന്റ് മേരീസ് ഇടവകാംഗം കുമാരി ആൻസി എന്നിവർ ചേർന്ന് തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. ശ്രീ. അജി അരവിന്ദ് ക്ലാസ് നയിക്കുകയും, 2024-25 വർഷത്തെ കർമ്മ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

**അനുമോദനം**

മെത്രാസനത്തിൽ നിന്നും പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികവാർന്ന വിജയം കൈവരിച്ച എല്ലാ സഹോദരങ്ങൾക്കും പ്രാർത്ഥനാശംസകൾ.

**91-ാം രാജ്യാന്തര സമ്മേളനം**

പത്തനാപുരം മൗണ്ട് താബോർ ദയറായിൽ വച്ച് ഒക്ടോബർ 11, 12, 13 തീയതികളിൽ നടന്ന 91-ാം രാജ്യാന്തര സമ്മേളനത്തിൽ മെത്രാസനത്തിൽ നിന്നും യുവതിയുവാക്കൾ സംബന്ധിച്ചു

**25-ാം പരുമല തീർത്ഥയാത്ര**

ഇടുക്കി ഭദ്രാസനയുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ അഭിവന്ദ്യ സഖറിയാ മാർ സേവേറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരിശുദ്ധ പരുമല തിരുമേനിയുടെ 122-ാം ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിതമായിട്ടുള്ള കിഴക്കിന്റെ പരുമല എന്ന് അറിയപ്പെടുന്ന പുറ്റടി കർമ്മേൽ മലയിൽ നിന്നും തിരുമേനി കബറടങ്ങിയ പരുമല പള്ളിയിലേയ്ക്ക് 2024 ഒക്ടോബർ 29, 30, 31, നവംബർ 1 തീയതികളിൽ കാൽനട തീർത്ഥയാത്ര നടത്തി. 1-ാം തീയതി പരുമല പള്ളിയിൽ എത്തിച്ചേർന്നു. പരുമല സെമിനാരി അസിസ്റ്റന്റ് മാനേജർ ഫാ. യൽദോസ് തീർത്ഥാടക സംഘത്തെ സ്വീകരിച്ചു. അഭി. തിരുമേനിയോടും എല്ലാ വൈദീക ശ്രേഷ്ഠരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. പരുമല പെരുന്നാളിനോടനുബന്ധിച്ച് നടത്തിയ അഖണ്ഡ പ്രാർത്ഥനയിലും ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തകർ പങ്കെടുത്തു.

**<u>സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ്</u>**

റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബലിന്റെയും മെത്രാസനത്തിലെ സെന്റ് ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ 2024 നവംബർ 3-ാംതീയതി ഗത്സിമോൻ അരമനയിൽ വച്ച് നടത്തപ്പെട്ട സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും യുവജനപ്രസ്ഥാനം കായികമായി വേണ്ട നേതൃത്വം നൽകി.

**<u>മെത്രാസന അസംബ്ലി 2024</u>**

2025–28 വർഷത്തെക്കുള്ള മെത്രാസനതല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 26.12.24 വ്യാഴാഴ്ച്ച അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കരുണാപുരം ജറുശലേം സെന്റ് തോമസ് ഇടവകയിൽ വച്ച് നടത്തപ്പെട്ടു.

**<u>കേന്ദ്ര അസംബ്ലി 2025</u>**

2025–28 വർഷത്തെ കേന്ദ്രതല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് പരുമല സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. നമ്മുടെ മെത്രാസനത്തിൽ നിന്നും കേന്ദ്ര കമ്മറ്റിയിലേക്ക് പഴയകൊച്ചറ സെന്റ് മേരീസ് ഇടവകാംഗം ശ്രീ നിഖിൽ യോഹന്നാൻ ഏറ്റവും അധികം വോട്ടുകളോടെ വിജയിച്ചു. എല്ലാ വിധമായ ആശംസകളും നേരുന്നു.

**<u>ചികിത്സ സഹായ നിധി</u>**

ഉപ്പുതറ സെന്റ് തോമസ് ഇടവകാംഗമായ കണ്ണംപള്ളിയിൽ സ്വപ്ന ജീസ്സന്റെ ബോൺമാരോ ട്രാൻസ്പ്ലാന്റേഷനു വേണ്ടിയുള്ള ധനസമാഹരണം പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്നു.

**<u>രഥം</u>**

പ്രസ്ഥാനത്തിന്റെ ദൈനംദിനകാര്യങ്ങൾക്ക് ഒരു ചെറിയ വരുമാനം ലഭിക്കുന്ന രീതീയിൽ മെത്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വിവിധ ഇടവകകളിലും മറ്റും പെരുന്നാൾ ആഘോഷങ്ങൾക്ക് രഥം സർവ്വീസ് നടത്തുന്നു.

**<u>ജോബ് പോർട്ടൽ</u>**

മെത്രാസനത്തിലെ യുവതിയുവാക്കൾക്കായി അവരുടെ വിദ്യാഭ്യാസയോഗ്യതയിൽ സാധ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ സഹായിക്കുന്നു.

**<u>ബ്ലഡ് ഡൊണേഷൻ ഫോറം</u>**

രക്തം ദാനം ചെയ്യുവാൻ ആഗ്രഹിക്കുന്നവരുടെ പേരുവിവരങ്ങൾ ഇടവകതലത്തിൽ ശേഖരിക്കുകയും അത്യാവശ്യഘട്ടങ്ങളിൽ മെത്രാസന കമ്മറ്റിയംഗങ്ങളുടെ നേതൃത്വത്തിൽ രക്തം വിവിധ ഹോസ്പിറ്റലുകളിൽ നൽകി വരുകയും ചെയ്യുന്നു.

**<u>കരുണാഭവനിൽ ഒരു ദിനം</u>**

മെത്രാസനത്തിലെ കരുണാഭവൻ പ്രസ്ഥാനം പ്രവർത്തകർ സന്ദർശിക്കുകയും കരുണാഭവനിലെ അന്തേവാസികൾക്കായി പ്രസ്ഥാനത്തിന്റെ പേരിൽ നിത്യോപയോഗ സാധനങ്ങൾ വാങ്ങി നൽകുകയും ചെയ്തു.

**<u>ഉപസംഹാരം</u>**

മെത്രാസനയുവജനപ്രസ്ഥാനത്തിന്റെ 2023–25 വർഷത്തെ മെത്രാസനകമ്മറ്റിയുടെ കാലയളവ് പൂർത്തീകരിക്കുന്ന വേളയിൽ മുൻ വർഷങ്ങളിൽ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആത്മീകമായ ശക്തിയും നിർദേശവും നൽകി ഞങ്ങളെ നയിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്കാബാവായോടും, മുൻ മെത്രാസനമെത്രാപ്പോലീത്താമാരോടും പുതിയ ദിശാബോധത്തോടും ദീർഘവീഷണത്തോടും കൂടെ ഞങ്ങളെ നയിക്കുന്ന ഭദ്രാസന മെത്രാപ്പോലീത്താ അഭി. സഖറിയാ മാർ സേവേറിയോസ് തിരുമനസ്സിനോടുമുള്ള ഭക്തി ആദരവുകൾ തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്നു. എല്ലാ പിന്തുണയും നൽകുന്ന വന്ദ്യരായ വൈദീകരോടും, പ്രസ്ഥാനം വൈസ്പ്രസിഡന്റിനോടും മറ്റ് മെത്രാസനഭാരവാഹികളോടും, യുണിറ്റ് ഭാരവാഹികളോടുമുള്ള നന്ദിയും സ്നേഹവും യുവജനപ്രസ്ഥാനത്തിന്റെ പേരിൽ അറിയിക്കുന്നു. പുതിയ ഭാരവാഹികൾക്ക് എല്ലാ ആശംസകളും അറിയിക്കുകയും ചെയ്യുന്നു. കടന്നുപോയ പാതയിൽ കൈപിടിച്ചു നടത്തുന്ന ദൈവ കരുണയ്ക്ക് മുമ്പിൽ സ്തുതിയും സ്തോത്രവും സമർപ്പിച്ച് ഈ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**തോമസ് ഫിലിപ്പ്**
**ഭദ്രാസന ജനറൽ സെക്രട്ടറി**

## ORTHODOX CHRISTIAN YOUTH MOVEMENT ( OCYM)

### IDUKKI DIOCESE, CHAKKUPALLAM P O, KUMILY -685 509

### RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31/03/2025

| | Receipts | Amount | | Payments | Amount |
|---|---|---|---|---|---|
| To | **Opening Balance** | | By | Bhadrasana Varshikam | 9494.00 |
| " | Cash in Hand | 26619.00 | " | Charity Paid | 7000.00 |
| " | Cash at South Indian Bank | 40360.00 | " | Miscellaneous Expenses | 2740.00 |
| | | | " | Parumala Pathayathra - Expenses | 59936.00 |
| " | Bank Interest Received | 1244.00 | " | Ratham Maintenance | 200315.00 |
| " | Donations Received | 209500.00 | " | Travelling Allowances | 11652.00 |
| " | Grant from Diocese | 25000.00 | " | Unit Registration Fee - Centre | 5950.00 |
| " | Parumala Pathayathra | 131680.00 | | | |
| " | Unit Registration Fee -District | 1950.00 | | | |
| " | Unit Registration Fee - Centre | 4550.00 | | | |
| | | | " | **Closing Balance** | |
| | | | " | Cash in Hand | 27212.00 |
| | | | " | Cash at South Indian Bank | 116604.00 |
| | **Total** | **440903.00** | | **Total** | **440903.00** |

## 5. ബാലസമാജം

ഇടുക്കി ഭദ്രാസനത്തിലെ 12 ദേവാലയങ്ങൾ രജിസ്റ്റർ ചെയ്ത് ബാലസമാജത്തിന്റെ പ്രവർത്തനങ്ങൾ ദേവാലയത്തിൽ നടത്തിവരുകയും ഭദ്രാസനത്തിലും കേന്ദ്രത്തിലും നടത്തുന്ന പ്രോഗാമുകളിൽ പങ്കാളികൾ ആകുകയും ചെയ്യുന്നു. എല്ലാ ദേവാലയങ്ങളിലും ഇൻ ചാർജായി പ്രവർത്തിക്കുന്ന ടീച്ചർമാരുടെ നേതൃത്വത്തിൽ എല്ലാ മാസത്തിലെയും അവസാന ഞായർ ബാലസമാജത്തിന്റെ പ്രവർത്തനങ്ങളായ വേദവായന, പഠനം, ഗാനപരിശീലനം, പ്രസംഗ പരിശീലനം എന്നിവ നടത്തി വരുന്നു.

**<u>ബാലദിനാചരണം</u>**

ഡിസംബർ മാസത്തിലെ ആദ്യ ഞായറാഴ്ച്ച ബാലദിനമായി കൊണ്ടാടുകയും ബാലദിനപ്രതിജ്ഞ, പ്രാർത്ഥന, റാലി എന്നിവ നടത്തുകയും ഏതെങ്കിലും ഒരു കുട്ടി കുർബാനമദ്ധ്യേ ബാലദിനസന്ദേശം നൽകുകയും ചെയ്യുന്നു.

**<u>കമ്മറ്റി മീറ്റീംഗുകൾ</u>**

പ്രവർത്തനവർഷത്തിൽ ബഹുമാനപ്പെട്ട തോമസ് വറുഗീസച്ചന്റെ അദ്ധ്യക്ഷതയിൽ 4 ഓൺ ലൈൻ മീറ്റീംഗുകൾ കൂടുകയുണ്ടായി.

**<u>ഭദ്രാസന വാർഷിക ക്യാമ്പ്</u>**

ഇടുക്കി ഭദ്രാസന ബാലസമാജത്തിന്റെ വാർഷിക ക്യാമ്പ് 2024 ഏപ്രിൽ 25, 26 തീയതികളിൽ ഗത്സിമോൻ അരമനചാപ്പലിൽ നടത്തപ്പെട്ടു. പ്രസ്ഥാനം വൈസ് പ്രസിഡന്റ് റവ.ഫാദർ തോമസ് വറുഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ അഭി. സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനകർമ്മം നിർവഹിക്കുകയും റവ. ഫാദർ ബിജു ആൻഡ്രൂസ്, റവ ഫാദർ ജോർജ് വറുഗീസ് എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. വിവിധ ഇടവകകളിൽ നിന്നായി 142 കുട്ടികൾ പങ്കെടുത്ത ക്യാമ്പിന് ബഹു. വൈദികർ, സിസ്റ്റേഴ്സ്, ബാല സമാജം ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. ക്യാമ്പിന്റെ ഈ വർഷത്തെ ചിന്താ വിഷയമായ ‘യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് ലഭിക്കും, അന്വേഷിപ്പിൻ കണ്ടെത്തും, മുട്ടുവിൻ തുറക്കപ്പെടും.’ എന്ന ബൈബിൾ വചനത്തെ ആസ്പദമാക്കി റവ. ഫാദർ സ്റ്റെഫിൻ ജേക്കബ്ബ്, ശ്രീമതി ലിന്റാ മറിയം വർഗീസ് എന്നിവർ ക്ലാസ്സെടുത്തു. രണ്ടു ദിവസമായി നടന്ന ക്യാമ്പ് കുട്ടികൾക്ക് ഉപകാരപ്രദവും സന്തോഷകരവും ആയിരുന്നു. ഇതിനായി സഹകരിച്ച വൈദികർ, അദ്ധ്യാപകർ, സ്പോൺസേഴ്സ്. ഭദ്രാസനഭാരവാഹികൾ എന്നിവരെ സ്നേഹപൂർവ്വം സ്മരിക്കുന്നു.

**<u>കലാമത്സരങ്ങൾ</u>**

ഇടുക്കി ഭദ്രാസന ബാലസമാജത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കലാമത്സരങ്ങൾ ഈ വർഷം ജൂലൈ 7 ന് പുറ്റടി സെന്റ് മേരീസ് ദേവാലയത്തിൽ നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നായി 100ഓളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.മത്സരങ്ങളുടെ ഉദ്ഘാടനം പുറ്റടി ഇടവക വികാരി വെരി. റവ. കെ.റ്റി. ജേക്കബ്ബ് കോർ-എപ്പിസ്കോപ്പാ നിർവഹിച്ചു. മത്സരത്തിൽ പങ്കെടുത്ത് വിജയിച്ച കുട്ടികൾക്ക് സമ്മാനദാനവും നിർവഹിച്ചു. ഈ പ്രോഗ്രാമിന് വേണ്ട സൗകര്യങ്ങളും, ഭക്ഷണവും ഒരുക്കി തന്ന പുറ്റടി സെന്റ് മേരീസ് ദേവാലയ വികാരിയോടും, ഭരണ സമിതിയോടും നന്ദി രേഖപ്പെടുത്തുന്നു.

**<u>അഖില മലങ്കര വാർഷിക ക്യാമ്പ്</u>**

ഒക്ടോബർ 10, 11, 12 തീയതികളിൽ പരുമലയിൽ നടന്ന വാർഷിക ക്യാംമ്പിൽ നമ്മുടെ ദേവാലയത്തിൽ നിന്നും 40 കുട്ടികളും 4 ലീഡേർസും പങ്കെടുത്തു.

**<u>പെൺകുട്ടികൾക്ക് വേണ്ടിയുള്ള ഓറിയന്റേഷനും, കൗൺസിലിംഗും.</u>**

ഇടുക്കി ഭദ്രാസന ബാലസമാജത്തിന്റെ ആഭിമുഖ്യത്തിൽ 13 മുതൽ 19 വയസ്സു വരെയുള്ള പെൺകുട്ടികൾക്ക് വേണ്ടി ഒരു ഓറിയന്റേഷൻ ക്ലാസ്സും, കൗൺസിലിംഗും 2024 ഡിസംബർ 14-ാം തീയതി കുങ്കിരിപ്പെട്ടി കത്തീഡ്രൽ പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തപ്പെട്ടു. ബഹു. സിസ്റ്റർ ക്ലാരീസ് CMC (Director CEON Charitable Society Nedumkandam and CRC Councilor Nedumkandam Police Station) ക്ലാസ്സുകൾ നയിച്ചു. 125 ഓളം കുട്ടികൾ പങ്കെടുത്തു.

**<u>സംഗ്രഹം</u>**

ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി ഞങ്ങളെ അനുഗ്രഹിക്കുന്ന അഭി. സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്ത തിരുമേനിയോടും, വൈസ് പ്രസിഡന്റ് റവ. തോമസ് വറുഗീസ് അച്ചനോടും, ഭദ്രാസനഭാരവാഹികളോടും, മറ്റു വൈദികരോടും, ജോയിന്റ് സെക്രട്ടറി സാബു മാത്യു, ഡിസ്ട്രിക് ഓർഗനൈസേർസ്, ഇൻ ചാർജ് ടീച്ചേഴ്സ് എന്നിവരോടുമുള്ള നന്ദി അറിയിച്ച് കൊണ്ടും നമ്മെ ഇത്രത്തോളം നടത്തിയ പരമ കാരുണ്യവനായ ദൈവത്തിൽ ശരണപ്പെട്ടു കൊണ്ടും സകല ശുദ്ധിമാൻമാരുടെയും, ശുദ്ധിമതികളുടെയും, ഇന്ത്യയുടെ കാവൽ പിതാവായ പരി മാർത്തോമ ശ്ലീഹായുടെയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് കൊണ്ടും ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**ജനറൽ സെക്രട്ടറി**
**ആനി ജബരാജ്**

## AKHILA MALANKARA BALASAMAJAM

**IDUKKI DIOCESE, CHAKKUPALLAM P O, KUMILY -685 509**

**RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31/03/2025**

| | Receipts | Amount | | Payments | Amount |
|---|---|---|---|---|---|
| To | **Opening Balance** | | By | Food & Beverages | 73130.00 |
| " | Cash in Hand | 6510.00 | " | Centre Camp Registration | 30000.00 |
| " | Cash at Bank | 0.00 | " | T A for Centre Camp | 32300.00 |
| | | | " | Travelling Allowances | 20000.00 |
| " | Grant from Diocese (2022 - 2023) | 5000.00 | " | Gift | 19000.00 |
| " | Grant from Diocese ( 2023-2024) | 25000.00 | " | Printing & Stationery | 5500.00 |
| " | Diocese Camp Registration | 35500.00 | | | |
| " | Orientation Class ( Girls) Registration | 6500.00 | | | |
| " | Unit Registration | 600.00 | | | |
| " | Donations Received | 36000.00 | | | |
| | Centre Camp Registration | 70000.00 | " | **Closing Balance** | |
| | | | " | Cash in Hand | 5180.00 |
| | | | " | Cash at Bank | 0.00 |
| | **Total** | **185110.00** | | **Total** | **185110.00** |

## 6. എം.ജി.ഒ.സി.എസ്.എം.

പരിശുദ്ധ പരുമല തിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിതമായ വിദ്യാർത്ഥിപ്രസ്ഥാനം ഇടുക്കി മെത്രാസനത്തിൽ നല്ലരീതിയിൽ നടന്നുവരുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. പ്രവർത്തനവർഷത്തിൽ മെയ് മാസം 25-ാം തീയതി ശനിയാഴ്ച്ച 10, +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് അഭിവന്ദ്യതിരുമേനി മൊമന്റോ നൽകി ആദരിച്ചു. തുടർന്ന് കരിയർ ഗൈഡൻസ് ക്ലാസ് നടത്തുകയും ചെയ്തു. ക്ലാസിന് മോട്ടിവേഷൻ സ്പീക്കറായ സഞ്ചു പി. ചെറിയാൻ നേതൃത്വം നൽകി. 125 വിദ്യാർത്ഥികൾ ക്ലാസിൽ പങ്കെടുത്തു.

വിദ്യാർത്ഥികൾക്ക് പരീക്ഷാ ഭയം അകറ്റി ഉന്നത വിജയം നേടുന്നതിനായി 2025 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച്ച അരമനയിൽ വച്ച് പരീക്ഷ മാർഗ്ഗനിർദ്ദേശ ക്യാമ്പ് നടത്തപ്പെട്ടു. കാതോലിക്കേറ്റ് കോളേജ് അസ്സി. പ്രൊഫ. രേഷ്മ, ജിന്റു ജോൺ എന്നിവർ ക്ലാസ് നയിച്ചു. 100 വിദ്യാർത്ഥികൾ പങ്കെടുത്തു.

ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്ന അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനിയോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. ഇനിയുള്ള നാളുകളിൽ പ്രസ്ഥാനത്തിന്റെ എല്ലാ പ്രവർത്തനങ്ങളും വളരെ ഭംഗിയായി മുന്നോട്ട് കൊണ്ടുപോകുവാൻ കാരുണ്യവാനായ ദൈവത്തിന്റെ അളവറ്റ കൃപയും കരുണയുമുണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**ജനറൽ സെക്രട്ടറി**
**സജിത റെജി**

## MAR GREGORIOS ORTHODOX CHRISTIAN STUDENT MOVEMENT ( MGOCSM)

**IDUKKI DIOCESE, CHAKKUPALLAM P O, KUMILY -685 509**

**RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31/03/2025**

| | Receipts | Amount | | Payments | Amount |
|---|---|---|---|---|---|
| To | **Opening Balance** | | By | Travelling Allowance | 10000.00 |
| " | Cash in Hand | 0.00 | " | Printing & Stationery | 4000.00 |
| " | Cash at Bank | 0.00 | " | Screen | 2700.00 |
| " | Grant from Diocese | 15000.00 | | **Closing Balance** | |
| " | Advance From Vice President | 1700.00 | " | Cash in Hand | 0.00 |
| | | | " | Cash at Bank | 0.00 |
| | **Total** | **16700.00** | | **Total** | **16700.00** |

# 7. നവജ്യോതി മോംസ്

നവജ്യോതി മോംസ് ഇടുക്കി ഭദ്രാസന വൈസ് പ്രസിഡന്റ് ബഹു. റ്റി.സി മത്തായി അച്ചന്റെ നേതൃത്വത്തിൽ ശ്രീ റോയി കിഴക്കേക്കര ഡയറക്ടർ ആയും ശ്രീമതി സാറാമ്മ അന്ത്രയോസ് മുണ്ടിയെരുമ അനിമേറ്ററായും, ശ്രീമതി ആൻസമ്മ ജോസഫ് ട്രഷറർ ആയും ശ്രീമതി മിനി ബാബു തേക്കടി, ബെറ്റി സജി നെറ്റിത്തൊഴു, സിനി രാജേഷ് മാട്ടുക്കട്ട, ജ്യോതി ബോബി ഏലപ്പാറ എന്നിവർ ഡിസ്ട്രിക്ട് ഓർഗനൈസർ മാരുമായുള്ള ഭദ്രാസന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ.

മാനവ ശാക്തികരണ വകുപ്പുമായി ചേർന്ന് അരമനചാപ്പലിൽ വച്ച് തൊഴിൽ മാർഗ നിർദ്ദേശക ക്ലാസ്സ് സംഘടിപ്പിച്ചു. ഭദ്രാസനത്തിൽ നിന്നും ലഭിച്ച ഒരു ലക്ഷം രൂപ ഉപയോഗിച്ച് 8-ാം മൈൽ. ചിന്നൂസ് തയ്യൽ സെന്റർ, കുങ്കിരിപ്പെട്ടി മാർ ബർണബാസ് തയ്യൽ സെന്റർ, നെറ്റിത്തൊഴു ആവേ മരിയ തയ്യൽ സെന്റർ എന്നിവിടങ്ങളിൽ ഗാർമെൻറ്സ് മേക്കിങ് ആൻഡ് സെയിൽ സെന്റർ പ്രവർത്തിപ്പിച്ചു. കുങ്കിരിപ്പെട്ടിയിലെ തയ്യൽ സെന്ററിൽ 10 ഓളം പേർക്ക് ഈ വർഷം തയ്യൽ പരിശീലനം നൽകാൻ കഴിഞ്ഞു. പരുമല പള്ളിയിൽ വച്ച് നടന്ന കേന്ദ്ര നവജ്യോതി മോംസ് സമ്മേളനത്തിൽ ഇടുക്കിയിൽ നിന്നും 5 പേർ പങ്കെടുത്തു.

ചേറ്റുകുഴി സെന്റ് ഗ്രിഗോറിയോസ് ചർച്ച്, അരമനചാപ്പൽ, കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രൽ ചർച്ച് എന്നിവിടങ്ങളിൽ മോംസിന്റെ സെയിൽ സ്റ്റാളുകൾ നടത്തി. കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തിഡ്രൽ, ഏലപ്പാറ സെന്റ് മേരിസ്, വണ്ടിപെരിയാർ സെന്റ് മേരീസ്, നെറ്റിത്തൊഴു താബോർ സെന്റ് ജോർജ്, തേക്കടി സെന്റ് ജോർജ്, മുണ്ടിയെരുമ സെന്റ് മേരീസ് ദേവാലയങ്ങളിലായി 10 മോംസ് SHG യൂണിറ്റുകൾ രൂപികരിച്ചു. മേൽ പറഞ്ഞ പ്രവർത്തനങ്ങളിൽ ഉപദേശ നിർദ്ദേശങ്ങൾ നൽകിയ എല്ലാവർക്കും പ്രാർത്ഥനാപൂർവ്വമായ നന്ദി അറിയിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നു.

**ഡയറക്ടർ**
**റോയി കിഴക്കേക്കര**

**NAVAJYOTHI MOMS**
**IDUKKI DIOCESE, CHAKKUPALLAM P O, KUMILY -685 509**
**RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31/03/2025**

| | Receipts | Amount | | Payments | Amount |
|---|---|---|---|---|---|
| To | **Opening Balance** | | By | Purchases | 82364.50 |
| " | Cash in Hand | 7811.20 | " | Advance from Director | 39200.00 |
| " | Cash at Bank | 12787.90 | " | Bad Debts | 3247.50 |
| | | | " | Bank Charges | 0.90 |
| " | Sales | 47220.00 | " | Parcel Charges | 538.00 |
| " | Bank Interest Received | 272.00 | " | Printing and Stationary | 78.00 |
| " | Grant from Diocese | 175000.00 | " | Project Report | 4000.00 |
| " | Director Advance | 34200.00 | " | Transportation for Purchase | 9850.00 |
| " | Fees Received | 18300.00 | " | Salary Paid | 130000.00 |
| " | Chettukuzhy stall income | 1112.00 | " | Stall in Chettukuzhy | 7442.00 |
| | | | " | Travelling Allowances | 5000.00 |
| | | | " | **Closing Balance** | |
| | | | " | Cash in Hand | 2423.20 |
| | | | " | Cash at Bank | 12559.00 |
| | **Total** | **296703.10** | | **Total** | **296703.10** |

## 8. വൈദീക സംഘം

ഇടുക്കി ഭദ്രാസനത്തിൽ 33 വൈദീകരും, 2 ശെമ്മാശൻമാരും, 3 വൈദീകവിദ്യാർത്ഥികളും ഉണ്ട്, വൈദിക യോഗങ്ങൾ എല്ലാ മാസവും ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയാ മാർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി വരുന്നു. പരി. സഭയിലെ പ്രഗത്ഭരായ വൈദികർ ക്ലാസുകൾക്കും ധ്യാനത്തിനും നേതൃത്വം നൽകി വരുന്നു, വൈദീക മീറ്റിംഗിനോടൊപ്പം വൈദിക കുടുംബ സംഗമവും നടത്തിവരുന്നു. തിരുമനസ്സുകൊണ്ട് എല്ലാ വൈദീകർക്കും ആകർഷകമായ സമ്മാനങ്ങളും നൽകുന്നു.

എല്ലാ ആഴ്ചയിലും ഗൂഗിൾ മീറ്റിലൂടെ വേദപഠനചിന്തകൾ നടത്തുന്നു. ഓരോ വൈദീകർ ഇതിന് നേതൃത്വം നൽകി വരുന്നു. ഈ വർഷം കോട്ടയം, ഇടുക്കി, ഭദ്രാസന വൈദീക കുടുംബ സംഗമവും (2024, സെപ്റ്റംബർ 26) ഇടുക്കി ,കണ്ടനാട് വെസ്റ്റ് ഭദ്രാസനവൈദിക കുടുംബസംഗമവും (2025 ഫെബ്രുവരി 4) നടത്തപ്പെട്ടു. ബസ്ക്യാമ അസോസിയേഷൻ ഭദ്രാസന സെക്രട്ടറിയായി അന്നമ്മ ജേക്കബ്, കദളിക്കാട്ട് പ്രവർത്തിക്കുന്നു. വൈദീകരുടെ മക്കളുടെ കൂട്ടായ്മ ആയ ഒലിവിന്റെ ചുമതലക്കാരനായി ഡോ. നവീൻ മത്തായി തോട്ടത്തിൽ പ്രവർത്തിക്കുന്നു. 2025 ഫെബ്രുവരി 18-ാം തീയതി കോട്ടയം ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ വെച്ച് നടന്ന സെൻട്രൽ സോൺ വൈദീക റീഫ്രെഷ്മെന്റ് കോഴ്സിൽ ഇടുക്കിയിൽ നിന്നും 18 വൈദീകർ പങ്കെടുത്തു. അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ വൈദിക കുടുംബം വിവിധ ദേവാലയങ്ങൾ സന്ദർശിച്ചതും ആലപ്പുഴയിൽ ബോട്ടിംങ് നടത്തിയതും വേറിട്ട അനുഭവമായി മാറി. അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്തയുടെ ഉപദേശങ്ങളും നിർദേശങ്ങളും അനുസരിച്ച് വൈദീക സംഘം ഭദ്രാസനത്തിന്റെ ആത്മികവും ഭൗതീകവുമായ വളർച്ചയിൽ പ്രവർത്തിച്ചു വരുന്നു. ഈ ഭദ്രാസനത്തിൽ ശുശ്രൂഷചെയ്ത് ദൈവസന്നിധിയിലേക്ക് വാങ്ങിപോയ എല്ലാ മേൽപട്ടക്കാരെയും പട്ടക്കാരെയും ഓർത്ത് പ്രാർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു

**ജനറൽ സെക്രട്ടറി**
**ഫാ. സാജോ ജോഷ്വാ മാത്യു**

## 9. ശുശ്രുഷക സംഘം

മലങ്കര ഓർത്തഡോക്സ് സഭയിലെ പരിശുദ്ധ മദ്ബഹായിൽ ശുശ്രൂഷ അനുഷ്ഠിക്കുന്ന എല്ലാവരും ചേർന്ന് പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് AMOSS. ദൈവകൃപയാൽ നമുടെ മെത്രാസന ത്തിലും അഖില മലങ്കര ശുശ്രൂഷക സംഘത്തിന്റെ പ്രവർത്തനങ്ങൾ വളരെ അനുഗ്രഹകരമായി നടന്നു വരുന്നു. മെത്രാസനത്തിലെ എല്ലാ പള്ളികളിലും AMOSS യൂണിറ്റ് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. എല്ലാ ശുശ്രൂഷകരും അതാത് ഇടവകകളിൽ ചിട്ടയോടുകൂടെ ആരാധനയിൽ സംബന്ധിച്ചുവരുന്നു. മെത്രാസനത്തിലെ AMOSS ന്റെ പ്രവർത്തനങ്ങൾക്ക് അഭിവന്ദ്യ തിരുമേനിയോടോപ്പം വൈസ്പ്രസി ഡന്റായി ഫാ. വർഗ്ഗീസ് പി. സിയും സെക്രട്ടറിയായി ശ്രീ. മോബിൻ എബ്രഹാമും കൂടാതെ പത്ത് കമ്മറ്റി യംഗങ്ങളും പ്രവർത്തിച്ചുവരുന്നു. 2024 മെയ് മാസം പരുമല പള്ളിയിൽ വച്ച് നടത്തപ്പെട്ട വാർഷിക ക്യാമ്പിൽ മെത്രാസനത്തിൽ നിന്നും 34 പേർ പങ്കെടുത്തു. കൂടാതെ കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി മെത്രാസനങ്ങൾ ഉൾപ്പെടുന്ന സോണൽ മീറ്റിൽ 17 പേർ പങ്കെടുത്തു. 2024 വർഷത്തെ ഏക ദിനസമ്മേളനം 2024 സെപ്റ്റംബർ 14-ാം തീയതി അയ്യപ്പൻകോവിൽ സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു.114 പേർ വിവിധ ദേവാലയങ്ങളിൽ നിന്ന് പങ്കെടുത്തു. അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷ തയിൽ കൂടിയ സമ്മേളനത്തിൽ ബഹുമാനപ്പെട്ട ജോൺ റ്റി വർഗ്ഗീസ് കുളക്കട അച്ചൻ ക്ലാസ്സുകൾ നയിച്ചു. മെത്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലെയും പ്രധാനശുശ്രൂഷകർക്ക് പ്രതിമാസം 1000 രൂപ പോസ്റ്റൽ നിക്ഷേപമായി അഭിവന്ദ്യ തിരുമനസ്സുകൊണ്ട് നിക്ഷേപിക്കുന്നു.

ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ എല്ലാ ഉപദേശങ്ങളും നിർദേശങ്ങളും നൽകുന്ന അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനിയോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. വരും നാളുകളിൽ മെത്രാസനത്തിലെ ശുശ്രൂഷക സംഘത്തിന്റെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി മുമ്പോട്ട് കൊണ്ടുപോകുവാൻ സർവ്വശക്തനായ ദൈവത്തിന്റെ അളവറ്റ അനുഗ്രഹങ്ങളും, കരുണയും യാചിച്ചു കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**ജനറൽ സെക്രട്ടറി**
**മോബിൻ എബ്രഹാം**

## 10. ഗത്സിമോൻ ഗോസ്പൽ ടീം

ഇടുക്കി ഭദ്രാസനത്തിലെ സഞ്ചാര സുവിശേഷ വിഭാഗമായ ഗത്സീമോൻ ഗോസ്പൽ ടീമിന്റെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ നടത്തുവാൻ സാധിച്ചു. ഭദ്രാസനത്തിലെ എല്ലാ ആത്മീയ പ്രവർത്തനങ്ങളിലും ഗോസ്പൽ ടീമിന്റെ സാന്നിധ്യം സജീവമാണ്. കഴിഞ്ഞ പ്രവർത്തനവർഷത്തിൽ ഇടവക മെത്രാപ്പോലീത്താ അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ യൽദോ നോമ്പ് ദിനങ്ങളിൽ ഹെലിബറിയ സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ പാരീഷ് മിഷൻ ക്രമീകരിച്ചു. അഭി. തിരുമേനിയുടെ നേതൃത്വത്തിൽ ഭവനസന്ദർശനം, വേദപഠനം, വിശ്വാസ പഠനക്ലാസ്സ്, ഗാനശുശ്രൂഷ, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ നടത്തപ്പെട്ടു. പരിശുദ്ധ വലിയ നോമ്പിനോടനുബന്ധിച്ച് നടന്ന പുറ്റടി കർമ്മേൽ മീറ്റിൽ ഗാനശുശ്രൂഷ നിർവ്വഹിക്കുവാൻ സാധിച്ചു. ഫാ. മാത്യു ജോൺ, ഫാ.ജോസ് സാമുവേൽ, ഫാ. സാജോ ജോഷ്വാ മാത്യു, ഫാ. ജിജിൻ ബേബി, ഫാ. ജസ്വിൻ ചാക്കോ, ഫാ. സാജൻ സ്കറിയ, ഫാ. നിതിൻ കുര്യാക്കോസ് എന്നിവർ അംഗങ്ങളായി പ്രവർത്തിക്കുന്നു. ഭദ്രാസനത്തിലെ എല്ലാ വൈദീകരോടും എല്ലാ ദേവാലയങ്ങളോടും എല്ലാ ആത്മീയപ്രസ്ഥാനങ്ങളുടെ പ്രവർത്തകരോടുമുള്ള നന്ദി അറിയിക്കുന്നു. ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**വൈസ് പ്രസിഡന്റ്**
**ഫാ. ജിജിൻ ബേബി**

**GASTHEEMON GOSPEL TEAM**
**IDUKKI DIOCESE, CHAKKUPALLAM P O, KUMILY -685 509**
**RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31/03/2025**

| | Receipts | Amount | | Payments | Amount |
|---|---|---|---|---|---|
| To | **Opening Balance** | | By | Printing & Stationery | 2700.00 |
| " | Cash in Hand | 7500.00 | | | |
| " | Cash at Bank | 0.00 | | | |
| | | | " | **Closing Balance** | |
| | | | " | Cash in Hand | 4800.00 |
| | | | " | Cash at Bank | 0.00 |
| | **Total** | **7500.00** | | **Total** | **7500.00** |

## 11. പ്രീ മാരിറ്റൽ കൗൺസിലിംഗ്

വിവാഹ കൂദാശയ്ക്ക് ഒരുങ്ങുന്ന മണവാളനും മണവാട്ടിയും പ്രീ മാരിറ്റൽ കൗൺസിലിങ്ങിൽ സംബന്ധിക്കേണ്ടത് അനിവാര്യമാണ്. വിവാഹം എന്ന കൂദാശയെ കുട്ടികൾക്ക് പരിചയപ്പെടുത്തി സഭയുടെ കാഴ്ചപ്പാടിൽ ഒരു ക്രിസ്തീയ കുടുംബം എപ്രകാരമാണ് കെട്ടിപ്പെടുക്കേണ്ടതും സംരക്ഷിക്കപ്പെടേണ്ടതും എന്നുള്ളത് ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്ലാസുകൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്..

'നിന്റെ ഭാര്യ നിന്റെ വീട്ടിന്നകത്തു ഫലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെ മേശെക്കു ചുറ്റും ഒലിവുതൈകൾപോലെയും ഇരിക്കും.' (സങ്കീർത്തനങ്ങൾ 128:3)

ക്ലാസുകൾക്ക് നേതൃത്വം നൽകുമ്പോഴും പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും പലപ്പോഴും ഉയരുന്ന ചോദ്യങ്ങൾ യുവതലമുറയുടെ ഉത്കണ്ഠകളെ സൂചിപ്പിക്കുന്നു. വ്യത്യസ്ത സാമൂഹിക ജീവിത സാഹചര്യങ്ങളിൽ നിന്ന് രൂപപ്പെട്ട വ്യക്തിത്വവും താൽപര്യങ്ങളും ഉള്ളവർ ഒരു പുനഃക്രമീകരണത്തിന് തയ്യാറാകുമ്പോൾ മാത്രമേ പ്രതിബന്ധമില്ലാത്ത ഒരു കുടുംബജീവിതം യഥാർത്ഥമാക്കുവാൻ സാധിക്കുകയുള്ളൂ. പിരിമുറുക്കങ്ങളും ക്ലേശങ്ങളും അഭിമുഖീകരിക്കാൻ ഒരുമയിലും സഹനത്തിലും ഒരു പുതിയ തുടക്കം കുറിക്കുവാൻ അവർ പരസ്പര ആശ്രിതരായി ജീവിക്കുവാൻ തയ്യാറാകണം. ദൈവ ആശ്രയത്തിൽ കൗദാശികമായി കൂട്ടിച്ചേർക്കപ്പെട്ട രണ്ട് വ്യക്തികൾ പുതിയ തലമുറയുടെ രക്ഷിതാക്കളായി സ്ഥാനാരോഹണം ചെയ്യപ്പെടുമ്പോൾ സഭയും സമൂഹവും അവരെ ഭരമേൽപ്പിക്കുന്ന മഹത്തായ ചുമതലയെക്കുറിച്ച് ബോധവാന്മാരാകേണ്ടത് അനിവാര്യമാണ്. എന്നാൽ ആധുനിക കാലത്ത് തൊഴിൽപരമായ കഴിവും വൈദഗ്ധ്യവും ആർജിച്ച യുവതലമുറ ജീവിതപങ്കാളിക്ക് വേണ്ടി അവരുടെ പരിചിതമായ സ്വകാര്യതയും തനിമയും നിറഞ്ഞ ജീവിതശൈലി പരിത്യജിക്കുക എന്നത് അവർക്ക് നിസ്സാരമായ ഒരു വെല്ലുവിളി അല്ല. ഇപ്രകാരം രൂപം കൊണ്ടിരിക്കുന്ന വ്യവസ്ഥിതികമായ ബന്ധങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ സമയയോചിതമായി വിദഗ്ദരായവരുടെ പോസ്റ്റ് മാരിറ്റൽ കൗൺസിലിങ്ങിലൂടെ പരിഹരിക്കാവുന്നതാണ്. ഇതിനായിട്ട് പൂർണ്ണമായി സ്വതന്ത്രമായ ഒരു സംവിധാനം രൂപീകരിക്കേണ്ടതുണ്ട്.

നിലവിൽ നമ്മുടെ ഭദ്രാസനത്തിൽ പ്രീ മാരിറ്റൽ കൗൺസിലിംഗ് എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് അരമനയിലാണ് നടത്തപ്പെടുന്നത്. ക്ലാസുകൾ ക്രമീകരിച്ചിട്ടുള്ള ദിവസവും സമയവും സ്ഥലവും ഒരു ആഴ്ച മുമ്പ് തന്നെ വൈദീകരുടെ വാട്ട്സാപ്പ് ഗ്രൂപ്പിൽ പ്രസിദ്ധപ്പെടുത്തുന്നു. രജിസ്റ്റർ ചെയ്യുന്നവരുടെ ഡീറ്റെയിൽസ് അരമനയിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തി ക്ലാസുകൾക്ക് ശേഷം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ നൽകുന്നു. കഴിഞ്ഞവർഷം 78 വ്യക്തികൾ കൗൺസിലിംഗ് ക്ലാസ്സിൽ പങ്കെടുത്തു.. ഓരോ വ്യക്തിയിൽ നിന്ന് രജിസ്ട്രേഷൻ ഫീസ് ആയി 500 രൂപ ശേഖരിച്ചിട്ടുണ്ട്.. ചില അടിയന്തര സാഹചര്യങ്ങളിൽ ഔദ്യോഗികമായ ക്ലാസുകളിൽ സംബന്ധിക്കുവാൻ പ്രയാസമുള്ളവർക്ക് അവരവരുടെ ഇടവകകളിലോ പീരുമേട് കോഫി എസ്റ്റേറ്റ് പള്ളിയിലോ ക്ലാസുകൾ ക്രമീകരിച്ചിരുന്നു. പ്രസ്തുത ക്ലാസുകൾ നയിക്കുവാൻ താല്പര്യം എടുത്ത സഹോദര വൈദീകർക്കുള്ള പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. ഭദ്രാസനമെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയാ മാർ സേവേറിയോസ് തിരുമേനി നൽകിയ വിലപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾക്ക് പ്രത്യേകമായ നന്ദി രേഖപ്പെടുത്തുന്നു. ഭദ്രാസന സെക്രട്ടറി ബഹു. ബിജു ആൻഡ്രൂസ് അച്ചനും, അരമനമാനേജർ ബഹു. ജോർജ് വർഗീസ് അച്ചനും, നൽകിയ സഹായങ്ങൾക്കും. അരമനയിൽ ക്ലാസുകളുടെ സുഖകരമായ നടത്തിപ്പിന് സൗകര്യം ഒരുക്കിയ ബഹു. അമൽ ശെമ്മാശനും. ജെറിൻ തോമസിനും നന്ദി രേഖപ്പെടുത്തുന്നു.

"You don't choose your family. They are God's gift to you, as you are to them." - Desmond Tutu

**ഡയറക്ടർ**
**ഫാ. സഞ്ജയ് ഗീവർഗ്ഗീസ്**

## 12. ദിവ്യബോധനം

അൽമായർക്കായി നടത്തിവരുന്ന വിശ്വാസ പരിശീലന പദ്ധതിയായ ദിവ്യബോധനത്തിന്റെ ദ്വിവത്സര സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഗ്രാജുവേറ്റ്, കോഴ്സുകൾ 2025 ജനുവരി മാസം ആരംഭിക്കുകയുണ്ടായി. പ്രൊവിഷ്യൻസി കോഴ്സിന് 6 അംഗങ്ങളും, ഡിപ്ലോമാ കോഴസിന് 12 അംഗങ്ങളും, ഗ്രാജുവേറ്റ് കോഴ്സിന് 3 അംഗങ്ങളും ഉൾപ്പെടെ 21 പേർ പഠനം തുടരുന്നു. എല്ലാ കോഴ്സിന്റെയും ഒരു പുസ്തകത്തിന്റെ പഠനം പൂർത്തികരിച്ച് എല്ലാവരും ഉന്നത വിജയം കരസ്ഥമാക്കിയിട്ടുണ്ട്. ആദ്യ പുസ്തകത്തിന്റെ സെമിനാറും പരീക്ഷയും വിജയകരമായി നടത്തുവാൻ സാധിച്ചു.

ഈ പാഠ്യപദ്ധതിക്കു വേണ്ട പ്രോത്സാഹനവും നിർദ്ദേശവും, സഹായവും നൽകുന്ന ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയ മാർ സേവേറിയോസ് തിരുമനസ്സിനോട്ടുള്ള നന്ദിയും സ്നേഹവും ഭക്തിആദരവോടുകൂടി സമർപ്പിക്കുന്നു. അതോടൊപ്പം കഴിഞ്ഞ 6 വർഷമായി ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്വത്തോടു കൂടി നേതൃത്വം നൽകി ഇതിനെ വിജയപഥത്തിലെത്തിച്ച വൈസ് പ്രസിഡന്റ് ഏറ്റവും ബഹുമാനപ്പെട്ട എബി വർഗ്ഗീസ് അച്ചനോടുള്ള കടപ്പാടും നന്ദിയും സ്നേഹവും ആദരവോടുകൂടി സമർപ്പിക്കുന്നു. കൂടാതെ സെമിനാരി ദിവ്യബോധനം ഫാക്കൽറ്റിയോടും വിവിധ യൂണിറ്റുകൾക്ക് നേതൃത്വം നൽകുന്ന ശ്രേഷ്ഠ വൈദീകരോടും ഇതിൽ പങ്കാളികളായി പഠനം നടത്തുന്ന എല്ലാ പഠിതാക്കളോടും ഉള്ള ഹൃദയപൂർവ്വമായ നന്ദിയും സ്നേഹവും അറിയിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

**ഡയറക്ടർ**
**ജോസഫ് വർഗ്ഗീസ്**

**DHIVYABODHANAM**
**IDUKKI DIOCESE, CHAKKUPALLAM P O, KUMILY -685 509**
**RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31/03/2025**

| | Receipts | Amount | | Payments | Amount |
|---|---|---|---|---|---|
| To | **Opening Balance** | | By | Book | 8970.00 |
| " | Cash in Hand | 0.00 | " | Registration | 7100.00 |
| " | Cash at Bank | 0.00 | " | Certificate | 3900.00 |
| | | | " | Travelling Allowances | 500.00 |
| " | Grant from Diocese | 10000.00 | " | Postage | 100.00 |
| " | Book | 12470.00 | | | |
| " | Registration | 7100.00 | | | |
| " | Certificate | 3500.00 | | | |
| | | | " | **Closing Balance** | |
| | | | " | Cash in Hand | 12500.00 |
| | | | " | Cash at Bank | 0.00 |
| | **Total** | **33070.00** | | **Total** | **33070.00** |

# 13. മാനവശാക്തീകരണ വകുപ്പ്

ദൈവത്തിന്റെ അളവറ്റ കരുണയാൽ റിപ്പോർട്ട് വർഷം നല്ല പ്രവർത്തനങ്ങൾ മാനവശാക്തീകരണ വകുപ്പിന്റേതായി നടത്തുവാൻ സാധിച്ചു. ഭദ്രാസന മെത്രാപ്പോലീത്ത അഭി. സഖറിയ മാർ സേവേറിയോസ് തിരുമേനി എല്ലാ കാര്യങ്ങൾക്കും മാർഗനിർദേശം നൽകി വരുന്നു. ഫാ. കുറിയാക്കോസ് മാത്യുവിനെ മാനവശാക്തീകരണ വകുപ്പ് ഡയറക്ടറായും, ഭദ്രാസനത്തിലെ വിധ ഇടവകളിൽ നിന്നുള്ള 10 പേരെ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളായും അഭി. തിരുമേനി നിയമിച്ചു

**<u>സംരംഭകത്വ ശിൽപശാല</u>**

2024 ജൂൺ മാസം എട്ടാം തീയതി ചക്കുപള്ളം ഗത്സിമോൻ അരമനയിൽ വച്ച് നവജ്യോതി മോംസിന്റെയും മാനവശാക്തീകരണ വകുപ്പിന്റേയും നേതൃത്വത്തിൽ സംരംഭകത്വ ശിൽപശാല സംഘടിപ്പിച്ചു. മെത്രാസനത്തിലെ സാധാരണക്കാർക്ക് സ്വയംപര്യാപ്തത കണ്ടെത്തുന്നതിന് വേണ്ട പരിശീലനം നൽകുക എന്ന ലക്ഷ്യത്തിൽ സംഘടിപ്പിക്കപ്പെട്ട ഈ ശിൽപശാലയിൽ, ഭദ്രാസന മെത്രാപ്പോലിത്ത അധ്യക്ഷനായിരുന്നു. ലിജോയ് വർഗീസ് മാത്യു (ബിസിനസ് കൺസൾട്ടന്റ്) ക്ലാസ് നയിച്ചു. നവജ്യോതി മോംസ് ഡയറക്ടർ ഡോ. സിബി തരകൻ നിരീക്ഷകനായിരുന്നു. ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്നുള്ള നൂറിൽ പരം ആളുകൾ ഈ ശിൽപശാലയിൽ സംബന്ധിച്ചു

**<u>ക്ലാസുകൾ</u>**

എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് വിവിധ ക്ലാസുകൾ ക്രമീകരിച്ചു. സഭാ മാനവശക്തീകരണ വകുപ്പ് ഡയറക്റ്റർ റവ. ഫാ. പി. എ ഫിലിപ്പ്, റവ. ഫാ. ബെന്യാമിൻ ശങ്കരത്തിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**<u>വാട്സാപ്പ് ഗ്രൂപ്പ്</u>**

എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് പ്രത്യേകമായും, ഭദ്രാസനത്തിലെ അംഗങ്ങൾക്ക് പൊതുവായും വാട്സാപ്പ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. സഭാ മാനവശക്തീകരണ വകുപ്പിൽ നിന്നുള്ള സന്ദേശങ്ങൾ, മൈനോറിറ്റി വിഭാഗം ആനുകൂല്യങ്ങൾ, ഇടുക്കി ജില്ലയിലെ വിവിധ ആശുപത്രികളിലെ ഒ പി വിഭാഗങ്ങൾ സംബന്ധിച്ച ഉപയോഗപ്രദമായ വിവരങ്ങൾ എന്നിവ ആ ഗ്രൂപ്പികളിലൂടെ അറിയിച്ച് വരുന്നു.

ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകുന്ന അഭിവന്ദ്യ തിരുമേനിയോടും എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

**ഡയറക്ടർ**
**ഫാ. കുറിയാക്കോസ് മാത്യു**

**HUMAN RESOURCES MANAGEMENT DEPARTMENT**
**IDUKKI DIOCESE, CHAKKUPALLAM P O, KUMILY -685 509**
**RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31/03/2025**

| | Receipts | Amount | | Payments | Amount |
|---|---|---|---|---|---|
| To | **Opening Balance** | | By | Travelling Allowances | 8500.00 |
| " | Cash in Hand | 0.00 | | | |
| " | Cash at Bank | 0.00 | | | |
| | | | " | **Closing Balance** | |
| " | Grant from Diocese | 10000.00 | " | Cash in Hand | 1500.00 |
| | | | " | Cash at Bank | 0.00 |
| | **Total** | **10000.00** | | **Total** | **10000.00** |

